# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# അയിരൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2023-2024



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.പി.റ്റി.എ./പി8/1150/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 05/12/2024
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അയിരൂർ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : അയിരൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അയിരൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),

2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.പി.റ്റി.എ./പി8/1150/2024 തീയ്യതി: 05/12/2024

# പത്തനംതിട്ട ജില്ലയിലെ അയിരൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ അയിരൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-09-2023 മുതൽ 31-03-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

38 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 22-11-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അനിൽ കുമാർ റ്റി | ഡെപ്യൂട്ടി ഡയറക്ടർ | 15-11-2024 | 22-11-2024 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 15-11-2024 | 22-11-2024 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ചന്ദ്രശേഖരൻ ജി., ഓഡിറ്റ് ഓഫീസർ
ജയപ്രഭ പി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ലേഖാ ജനാർദ്ദനൻ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
മുഹമ്മദ് ഷാഫി, ഓഡിറ്റർ
ലക്ഷ്മി ജെ., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി അമ്പിളി പ്രഭാകരൻ നായർ | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| ശ്രീ സനിൽകുമാർ ജി | സെക്രട്ടറി | 01-04-2023 | 21-07-2023 |
| ശ്രീ ടെറൻസ് ജെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 22-07-2023 | 02-08-2023 |
| ശ്രീമതി സുധാകുമാരി ജി | സെക്രട്ടറി | 03-08-2023 | 24-08-2023 |
| ശ്രീ സുരേഷ് എ | സെക്രട്ടറി | 25-08-2023 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി അനിത വി. | ഹെഡ്മാസ്റ്റർ | 01-04-2023 | 31-03-2024 |
| ഡോ.രാജേഷ് പി. | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2023 | 31-03-2024 |
| ഡോ. ജോർജ് വർഗീസ് | വെറ്ററിനറി സർജൻ | 01-04-2023 | 31-03-2024 |
| ശ്രീമതി വിദ്യാ എസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2023 | 08-11-2023 |
| ശ്രീമതി ജെസ്സി തോമസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 09-11-2023 | 31-03-2024 |
| ശ്രീ മിഥുൽ ആർ | വി ഇ ഓ(അയിരൂർ സർക്കിൾ) | 01-04-2023 | 27-11-2023 |
| ശ്രീമതി ദിവ്യ സി | വി ഇ ഓ(അയിരൂർ സർക്കിൾ) | 28-11-2023 | 31-03-2024 |
| ശ്രീ സന്ദീപ് കുമാർ സി.വി | വി ഇ ഓ(തടിയൂർ സർക്കിൾ) | 01-04-2023 | 31-03-2024 |
| ശ്രീ ജയൻ ഡി നായർ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2023 | 13-07-2023 |
| ശ്രീ ടെറൻസ് ജെ | അസിസ്റ്റന്റ് സെക്രട്ടറി | 14-07-2023 | 31-03-2024 |
| ശ്രീമതി അനുപമ പി .ആർ. | അസി.എഞ്ചിനിയർ | 01-04-2023 | 11-07-2023 |
| ശ്രീ ശിവപ്രസാദ് സി .എസ് | അസി.എഞ്ചിനിയർ | 12-07-2023 | 31-03-2024 |

| | | | |
|---|---|---|---|
| ശ്രീമതി സ്വാതി രാമചന്ദ്രൻ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2023 | 31-03-2024 |
| ഡോ. സുധാരത്നം | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2023 | 20-07-2023 |
| ഡോ. ഷീജാ ബീഗം | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 21-07-2023 | 20-08-2023 |
| ഡോ. സുധാരത്നം | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 21-08-2023 | 31-03-2024 |
| ശ്രീമതി ശില്പ പ്രദീപ് | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2023 | 31-03-2024 |
| ശ്രീമതി സൂസൻ തോമസ് | കൃഷി ഓഫീസർ | 01-04-2023 | 21-01-2024 |
| ശ്രീമതി സ്റ്റെസ്സി എസ്. | കൃഷി ഓഫീസർ | 22-01-2024 | 31-03-2024 |

# ഉള്ളടക്കം

| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 2 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 3 | ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | ആസ്തികളുടെ അക്കൗണ്ടിംഗ് കൃത്യമല്ല | 1-1-3 |
| 5 | ഡിമാന്റ് എൻട്രികൾ സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല | 1-1-4 |
| 6 | ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല | 1-1-5 |
| 7 | ശബരിമല ഗ്രാന്റ് - അക്കൗണ്ടിംഗ് കൃത്യമല്ല | 1-1-6 |
| 8 | ഐ.സി.ഡി.എസ്സ് കേന്ദ്ര വിഹിതം - വരവ് തുക കൃത്യമായി അക്കൗണ്ട് ചെയ്തില്ല | 1-1-7 |
| 9 | ഡെപ്പോസിറ്റ് രജിസ്റ്റർ - രേഖപ്പെടുത്തൽ പൂർണ്ണമല്ല | 1-1-8 |
| 10 | വസ്തുനികുതി - സഞ്ചയ പ്രകാരമുള്ള വാർഷിക സംക്ഷിപ്തം വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല | 1-1-9 |
| 11 | ബാങ്ക് അക്കൗണ്ട് നീക്കിയിരിപ്പ് വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-10 |
| 12 | സ്ഥിരനിക്ഷേപം - നീക്കിയിരുപ്പ് അക്കൗണ്ട് ചെയ്തത് കൃത്യമല്ല | 1-1-11 |
| 13 | മുൻകൂർ രജിസ്റ്റർ - രേഖപ്പെടുത്തലുകൾ അപൂർണ്ണം | 1-1-12 |
| 14 | ബാങ്ക് അക്കൗണ്ടുകളിലെ നീക്കിയിരിപ്പ് സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല | 1-1-13 |
| 15 | പാർട്ട് ബിൽ നൽകിയ തുകയുടെ വിവരം ബാലൻസ് ഷീറ്റിൽ ഇല്ല | 1-1-14 |
| 16 | വരവ് തുക തെറ്റായ ഹെഡ്ഡിൽ ഉൾപ്പെടുത്തി | 1-1-15 |
| 17 | വെള്ളക്കര കുടിശ്ശിക - ബാദ്ധ്യതയായി ഉൾപ്പെടുത്തിയില്ല | 1-1-16 |
| 18 | Prior Period Income , Expenditure ഹെഡ്ഡുകളിലെ തുകകളുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല | 1-1-17 |
| 19 | തൊഴിൽ നികുതി ഡിമാന്റ്, ബാലൻസ് തുകകൾക്കു കൃത്യതയില്ല | 1-1-18 |
| 20 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് – വാർഷിക കണക്കിൽ വരവ് ചെലവ് കണക്കുകൾ അക്കൗണ്ട് ചെയ്തിരിക്കുന്നത് കൃത്യമല്ല | 1-1-19 |
| 21 | ശുചിത്വ മിഷൻ ഫണ്ട് - വരവ് തുകയുടെ കൃത്യത വ്യക്തമല്ല. | 1-1-20 |
| 22 | ബയോഡൈവേഴ്സിറ്റി ഗ്രാന്റ് - തുകകൾ രേഖപ്പെടുത്തിയിരിക്കുന്നതിൽ കൃത്യതയില്ല | 1-1-21 |
| 23 | ബജറ്റ് | 1-2 |
| 24 | സാമ്പത്തിക വിശകലനം | 1-3 |
| 25 | ഗ്രാന്റ് വിനിയോഗം | 1-4 |
| 26 | പദ്ധതി അവലോകനം | 1-5 |
| 27 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 28 | ക്ഷേമ പദ്ധതികൾ | 1-7 |
| 29 | ക്യാഷ് പരിശോധന | 1-8 |
| 30 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 31 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |

| | | |
|---|---|---|
| 32 | തൊഴിൽ നികുതി - കുടിശ്ശിക ഈടാക്കേണ്ടതാണ് | 1-11 |
| 33 | ലൈസൻസ് നൽകുന്നതിൽ നടപടിക്രമങ്ങൾ പാലിക്കുന്നില്ല | 1-12 |
| 34 | തനതു വരവുകൾ അനിവാര്യ ചുമതലകൾ നിറവേറ്റാൻ പര്യാപ്തമല്ല | 1-13 |
| 35 | വാട്ടർ ചാർജ് കുടിശ്ശിക - പഞ്ചായത്തിന് 2.38 കോടി രൂപയുടെ ബാധ്യത | 1-14 |
| 36 | യോഗ നടപടികളുടെ മിനിട്ട്സ് തയ്യാറാക്കുന്നതിൽ ചട്ടപ്രകാരമുള്ള സമയപരിധി പാലിക്കുന്നില്ല | 1-15 |
| 37 | ചെലവു രേഖകൾ കൃത്യമായി സൂക്ഷിട്ടില്ല | 1-16 |
| 38 | വസ്തു നികുതി -919048 രൂപ കുടിശ്ശിക | 1-17 |
| 39 | വസ്തുനികുതി കുടിശ്ശിക 1770237 രൂപ ബാലൻസ് ഷീറ്റിൽ നിന്ന് ഒഴിവാക്കി | 1-18 |
| 40 | സേവന ഉപനികുതി - പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനം നടപ്പാക്കിയില്ല | 1-19 |
| 41 | കരാറുകാരനിൽ നിന്നും ആദായ നികുതി ഈടാക്കിയില്ല | 1-20 |
| 42 | ആംബുലൻസ് പരിപാലനത്തിലെ അപാകങ്ങൾ | 1-21 |
| 43 | ഐ.കെ.എം വിഹിതം - ധനവിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല | 1-22 |
| 44 | ഐ.എസ്.ഒ സർട്ടിഫിക്കേഷൻ - നടപടികൾ പൂർത്തിയായില്ല | 1-23 |
| 45 | മിനി മാസ്റ്റ് ലൈറ്റ് - പദ്ധതി നിർവ്വഹണത്തിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചില്ല | 1-24 |
| 46 | പഞ്ചായത്തിലെ ഭൂരിപക്ഷം അങ്കണവാടികൾക്കും സ്വന്തമായി കെട്ടിടമില്ല | 1-25 |
| 47 | ജനകീയ ഹോട്ടലിന്റെ പ്രവർത്തനം നിലച്ചു | 1-26 |
| 48 | സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ നിരവധി പദ്ധതികൾ - ഫണ്ടുകൾ ചെലവഴിക്കുന്നതിൽ വീഴ്ച | 1-27 |
| 49 | ലൈഫ് ഭവന പദ്ധതിയും ടോയിലറ്റ് റിട്രോഫിറ്റിംഗും - നിർമ്മാണം പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുണം | 1-28 |
| 50 | ലക്ഷങ്ങൾ ചെലവഴിച്ച് നിർമ്മിച്ച ടേക്ക്-എ-ബ്രേക്ക് ടോയ്‌ലറ്റ് സംരക്ഷണമില്ലാതെ നശിക്കുന്നു | 1-29 |
| 51 | ഇലക്ഷൻ ഡെപ്പോസിറ്റ് തനതു ഫണ്ടിലേക്ക് മുതൽക്കൂട്ടിയില്ല | 1-30 |
| 52 | സ്പിൽ ഓവർ പ്രോജക്റ്റുകൾ ഉപേക്ഷിച്ചു | 1-31 |
| 53 | പ്രത്യേക ഉദ്ദേശ ഗ്രാന്റുകൾ ചെലവഴിക്കാതെ ശേഷിക്കുന്നത് 1.25 കോടി രൂപ | 1-32 |
| 54 | മാനവമൈത്രി ചതയം ജലോത്സവം -സർക്കാർ അനുമതിയില്ലാതെ തുക ചെലവഴിച്ചു | 1-33 |
| 55 | ഇ–ടെണ്ടർ ഫീസ് പിരിക്കുന്നതിന് അക്കൗണ്ട് അരംഭിച്ചില്ല; 2 ലക്ഷം തിരികെ ലഭിക്കാൻ അവശേഷിക്കുന്നു | 1-34 |
| 56 | തോട് നവീകരണം- ബാലൻസ് തുക മൈനർ ഇറിഗേഷൻ വകുപ്പിൽ നിന്നും ലഭിച്ചില്ല | 1-35 |
| 57 | സി.എച്ച്.സി-യിലേക്ക് വാങ്ങിയ ഉപകരണങ്ങൾ ലഭ്യമായില്ല | 1-36 |
| 58 | മെഡിക്കൽ ഓഫീസർ സി.എച്ച്.സി. - നടപ്പിലാക്കാത്ത പ്രോജക്റ്റുകൾ | 1-37 |
| 59 | കാർഷിക മേഖലയിലെ പദ്ധതികൾ - അവലോകനം | 1-38 |
| 60 | ലൈബ്രറി സെസ്സ് - 367555 രൂപ ബാധ്യത നിലനിൽക്കുന്നു | 1-39 |

| | | |
|---|---|---|
| 61 | മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം - അവലോകനം | 1-40 |
| 62 | ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - മാലിന്യ സംസ്കരണം ഹരിതകർമ്മ സേനയിലൂടെ - അവലോകനം | 1-41 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്കു നൽകിയ തുകയുടെ വിവരം | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം | 4-3 |
| 4 | വായ്പ/വായ്പാ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ്/സർച്ചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

കേരള പഞ്ചായത്ത്രാജ് അക്കൗണ്ടിംഗ് ചട്ടങ്ങൾ 2011, ചട്ടം 62 പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ, പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നീ പത്രികകൾ വാർഷിക കണക്കിനൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. അയിരൂർ ഗ്രാമപഞ്ചായത്തിന്റെ 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും, 31/03/2024 തീയതിയിലെ ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റ് ഉൾപ്പെടെയുള്ള ധനകാര്യ പത്രികകളും, പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും, ഭരണസമിതിയുടെ 12/06/2024 തീയതിയിലെ 4-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ച് 21-06-2024-ൽ എയിംസിലൂടെ ഓഡിറ്റിന് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും, ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കേണ്ടത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെക്കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി.&എ.ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യ പത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യ പത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോടുകൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, അയിരൂർ ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31/03/2024-ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31/03/2024-ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

പത്തനംതിട്ട
04/12/2024

## 1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും, പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

## 1-1-3 ആസ്തികളുടെ അക്കൗണ്ടിംഗ് കൃത്യമല്ല

26/07/2011-ലെ ജി.ഒ.(എം.എസ്)നം.152/2011/തസ്വഭവ നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. പഞ്ചായത്തിന്റെ ആസ്തികളുടെ മൂല്യം വാർഷിക കണക്കിൽ നിശ്ചിത ശീർഷകങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നത് ആധികാരികവും കാലികവുമായ അനുബന്ധ രേഖകൾ ഇല്ലാത്തതിനാൽ വ്യക്തമല്ല. വാർഷിക കണക്ക് പ്രകാരം ആസ്തികളെ ഉൽപാദനം, സേവനം, ഇൻഫ്രാസ്ട്രക്ചർ, എന്നിങ്ങനെ വർഗ്ഗീകരിച്ചിട്ടുണ്ടെങ്കിലും ഈ രീതിയിലുള്ള ആസ്തി വിഭജന മാനദണ്ഡങ്ങളിലുള്ള ഡേറ്റാബേസ് പഞ്ചായത്തിൽ നിലവിലില്ല എന്നതിനാൽ വിവിധ മേഖല ഷെഡ്യൂളുകളിൽ 31/03/2024-ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റയും മൂല്യത്തിന്റയും ആധികാരികതയും കൃത്യതയും വ്യക്തമല്ല.

## 1-1-4 ഡിമാന്റ് എൻട്രികൾ സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 17(2)ഡി അനുസരിച്ച് 01/04/2023-ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും, 2023-24 വർഷം അസസ്സ് ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. എന്നാൽ ലെഡ്ജറുകളിൽ 2023-24 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഒറ്റത്തവണമാത്രം (31.03.2024) രേഖപ്പെടുത്തിയിരിക്കുന്നു. “സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷിക കണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത്.

## 1-1-5 ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല

2011-ലെ പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 7 പ്രകാരം കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽ ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരിക രേഖകൾ, വർക്ക് ഷീറ്റുകൾ എന്നിവ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നതു്.

## 1-1-6 ശബരിമല ഗ്രാന്റ് - അക്കൗണ്ടിംഗ് കൃത്യമല്ല

2022-23 വർഷത്തെ വാർഷിക കണക്കിലെ അപാകതകൾ പരിഹരിച്ചിട്ടില്ലാത്തതിനാൽ മുന്നിരിപ്പ് കൃത്യമല്ല. 2023-24 വർഷം അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ 203-ാം നമ്പർ പ്രോജക്ട് പ്രകാരമുള്ള 330758 രൂപയുടെ ചെലവ് അക്കൗണ്ട് ചെയ്തിട്ടില്ല.

## 1-1-7 ഐ.സി.ഡി.എസ്സ് കേന്ദ്ര വിഹിതം - വരവ് തുക കൃത്യമായി അക്കൗണ്ട് ചെയ്തില്ല

പൂരക പോഷകാഹാര പദ്ധതിയുടെ കേന്ദ്ര വിഹിതം ഇനത്തിൽ തൻവർഷം 819834 രൂപ വരവുണ്ട് (ACR പ്രകാരം). ഇതിൽ 352977 രൂപ മാത്രമേ അക്കൗണ്ട് ചെയ്തിട്ടുള്ളു.

## 1-1-8 ഡെപ്പോസിറ്റ് രജിസ്റ്റർ - രേഖപ്പെടുത്തൽ പൂർണ്ണമല്ല

ഷെഡ്യൂൾ B-7 : ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കാത്തതിനാൽ ഡെപ്പോസിറ്റ് ഇനത്തിലുള്ള മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവയുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

## 1-1-9 വസ്തുനികുതി - സഞ്ചയ പ്രകാരമുള്ള വാർഷിക സംക്ഷിപ്തം വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

വാർഷിക ധനകാര്യ പത്രിക ഷെഡ്യൂൾ I-1, RP-43, B-15, B-9 പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ്, മുൻകൂർ തുകകൾ സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല.

## 1-1-10 ബാങ്ക് അക്കൗണ്ട് നീക്കിയിരിപ്പ് വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെയും പ്രസിഡന്റിന്റേയും പേരിൽ വാതിൽപ്പടി സേവനം എന്ന പ്രോജക്ടിനായി ഫെഡറൽ ബാങ്കിൽ അക്കൗണ്ട് (നം. 12600100107252) ആരംഭിച്ചിട്ടുണ്ട്. 31.03.2024-ൽ ടി അക്കൗണ്ടിന്റെ നീക്കിയിരുപ്പ് 4786 രൂപയാണ്. ഈ തുക ഷെഡ്യൂൾ B-17, ഷെഡ്യൂൾ RP-40(B) എന്നിവയിൽ ഉൾപ്പെട്ടിട്ടില്ല.

## 1-1-11 സ്ഥിരനിക്ഷേപം - നീക്കിയിരുപ്പ് അക്കൗണ്ട് ചെയ്തത് കൃത്യമല്ല

ഷെഡ്യൂൾ ബി-12 : പത്തനംതിട്ട ജില്ലാ സഹകരണ ബാങ്ക്, അയിരൂർ ശാഖയിലുള്ള സ്ഥിരനിക്ഷേപം നീക്കിയിരുപ്പ് 172377 രൂപയാണ്. വാർഷിക കണക്കിൽ 165839 രൂപയാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

## 1-1-12 മുൻകൂർ രജിസ്റ്റർ - രേഖപ്പെടുത്തലുകൾ അപൂർണ്ണം

ബാലൻസ് ഷീറ്റ് പ്രകാരം ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ 12000 രൂപ ക്രമീകരിക്കാൻ ശേഷിക്കുന്നു. അഡ്വാൻസ് രജിസ്റ്ററിൽ കൃത്യമായ രേഖപ്പെടുത്തൽ നടത്താത്തതിനാൽ തിരികെ ഈടാക്കാനുള്ള തുകയെ സംബന്ധിച്ച വ്യക്തമായ വിവരങ്ങൾ ലഭ്യമല്ല.

## 1-1-13 ബാങ്ക് അക്കൗണ്ടുകളിലെ നീക്കിയിരിപ്പ് സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല

ചുവടെ ചേർക്കുന്ന ബാങ്ക് അക്കൗണ്ടുകളുടെ സ്റ്റേറ്റ്മെന്റുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. നീക്കിയിരിപ്പ് തുകകളുടെ കൃത്യത ബോദ്ധ്യപ്പെട്ടിട്ടില്ല.

| ബാങ്ക് | അക്കൗണ്ട് നമ്പർ | വാർഷിക ധനകാര്യ പത്രിക പ്രകാരം 31.03.2024-ലെ ബാലൻസ് |
|---|---|---|
| കേരള ബാങ്ക് | 1110322 | 2123 |
| കേരള ബാങ്ക് | 1010501 | 9604 |

## 1-1-14 പാർട്ട് ബിൽ നൽകിയ തുകയുടെ വിവരം ബാലൻസ് ഷീറ്റിൽ ഇല്ല

ജില്ലാ ആയുർവ്വേദാശുപത്രി അയിരൂരിൽ മാലിന്യ സംസ്കരണം തുമ്പൂർമൂഴി മോഡൽ (പ്രോ.നം.347) എന്ന പ്രോജക്ടിനായി 430000 രൂപ പാർട്ട് ബിൽ നൽകിയിട്ടുണ്ട്. ടി തുക Capital Work In Progress-ൽ ഉൾപ്പെട്ടിട്ടില്ല.

## 1-1-15 വരവ് തുക തെറ്റായ ഹെഡ്ഡിൽ ഉൾപ്പെടുത്തി

ടിൻ ഷീറ്റ് ലേലം ചെയ്തതിനു ലഭിച്ച തുക – 32000 – Other Fees (140400199) – എന്ന ഹെഡ്ഡിലാണ് വരവു രേഖപ്പെടുത്തിയിരിക്കുന്നത്.

## 1-1-16 വെള്ളക്കര കുടിശ്ശിക - ബാദ്ധ്യതയായി ഉൾപ്പെടുത്തിയില്ല.

പൊതു ടാപ്പുകളുടെ വാട്ടർ ചാർജ് കുടിശ്ശിക ബാലൻസ് ഷീറ്റിൽ ബാദ്ധ്യതയായി രേഖപ്പെടുത്തിയിട്ടില്ല.

## 1-1-17 Prior Period Income , Expenditure ഹെഡ്ഡുകളിലെ തുകകളുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിലെ ഷെഡ്യൂൾ I(18), I(19) എന്നിവ പ്രകാരം Prior Period Expenditure, Prior Period Income എന്നീ ശീർഷകങ്ങളിലെ ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന ചെലവ്, വരവ് ഇനങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്ന തുകകൾക്ക് അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക് ഷീറ്റുകളോ, ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകളുടെ കൃത്യത ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

## 1-1-18 തൊഴിൽ നികുതി ഡിമാന്റ്, ബാലൻസ് തുകകൾക്കു കൃത്യതയില്ല.

തൊഴിൽ നികുതി - ഡിമാന്റ് തുക കൃത്യമല്ല. തൻവർഷ കുടിശ്ശിക നെഗറ്റീവായി രേഖപ്പെടുത്തിയിരിക്കുന്നു.

## 1-1-19 ധനകാര്യ കമ്മീഷൻ ഗ്രാന്റ് – വാർഷിക കണക്കിൽ വരവ് ചെലവ് കണക്കുകൾ അക്കൗണ്ട് ചെയ്തിരിക്കുന്നത് കൃത്യമല്ല.

വാർഷിക ധനകാര്യ പത്രിക പ്രകാരം ധനകാര്യ കമ്മീഷൻ ടൈഡ്, ബേസിക് ഗ്രാന്റുകളിലെ വരവ് യഥാക്രമം 3288464, 5971412 രൂപയാണ്. എന്നാൽ ബാങ്ക് സ്റ്റേറ്റ്മെന്റ്, ലഭ്യമായ രേഖകൾ ഇവ പരിശോധിച്ചതിൽ ഇവ യഥാക്രമം 1849000, 2542087 എന്നു വ്യക്തമായി. ടൈഡ്, ബേസിക് ഗ്രാന്റിനങ്ങളിലെ ചെലവും കൃത്യമല്ല.

## 1-1-20 ശുചിത്വ മിഷൻ ഫണ്ട് - വരവ് തുകയുടെ കൃത്യത വ്യക്തമല്ല.

2023-24 വർഷം വാർഷിക കണക്കുകൾ പ്രകാരം ജേണൽ മുഖേന വരവ് 1121599 രൂപയായി രേഖപ്പെടുത്തിയിരിക്കുന്നു. ആയതിനെ സാധൂകരിക്കുന്ന രേഖകൾ ഹാജരാക്കിയില്ല.

## 1-1-21 ബയോഡൈവേഴ്സിറ്റി ഗ്രാന്റ് - തുകകൾ രേഖപ്പെടുത്തിയിരിക്കുന്നതിൽ കൃത്യതയില്ല.

ബയോഡൈവേഴ്സിറ്റി ഗ്രാന്റ് - സോളിഡ് വേസ്റ്റ് മാനേജ്മെന്റ് എന്ന പേരിലാണ് വാർഷിക കണക്കിൽ രേഖപ്പെടുത്തലുകൾ നടത്തിയിട്ടുള്ളത്. 2022-23 വർഷത്തെ വാർഷിക കണക്കിലെ അപാകതകൾ പരിഹരിച്ചിട്ടില്ല. സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ വലിയതോട് കുറമണ്ണിൽ തോട് പുനരുദ്ധാരണം എന്ന പ്രവൃത്തിക്ക് 544000 രൂപ പ്രസ്തുത ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. എന്നാൽ വാർഷിക കണക്കിൽ ജേണൽ പ്രകാരം ഫണ്ടിൽ നിന്നും ഒറ്റത്തുകയായി 829825 രൂപ ചെലവ് രേഖപ്പെടുത്തിയിട്ടുണ്ട്. ചെലവിനെ സംബന്ധിക്കുന്ന ജേണൽ വൗച്ചറുകൾ ലഭ്യമാക്കിയില്ല. ആയതിനാൽ നീക്കിയിരിപ്പിന്റെ കൃത്യത വ്യക്തമല്ല.

## 1-2 ബജറ്റ്.

| | |
|---|---|
| ബജറ്റ് പാസ്സാക്കിയ തീയതി / തീരുമാനം | 27.03.2023-ലെ 1(1) തീരുമാനം |

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവു കണക്കുകൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 16195638 |
| വരവ് | 163132126 |
| ആകെ | 179327764 |
| ചെലവ് | 174489593 |
| നീക്കിയിരിപ്പ് | 4838171 |

## 1-3 സാമ്പത്തിക വിശകലനം

| ഇനം | റസിപ്റ്റ് & പെയ്മെന്റ് പ്രകാരം | ഇൻകം & എക്സ്പെൻഡീച്ചർ പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 18253869 | |
| വരവ് | 39272242 | 102537703 |
| ആകെ | 57526111 | |
| ചെലവ് | 39208956 | 111349302 |
| നീക്കിയിരിപ്പ് | 18317155 | |

## 1-4 ഗ്രാന്റ് വിനിയോഗം

| **ഫണ്ടിനം** | **മുന്നിരിപ്പ്** | **വരവ് (അലോട്ട്മെന്റ് ലഭിച്ചത്)** | **ആകെ** | **ചെലവ്** | **നീക്കിയിരിപ്പ്/ ലാപ്സായ തുക** |
|---|---|---|---|---|---|
| വികസന ഫണ്ട് – ജനറൽ | | 14890000 | 14890000 | 11362940 | 3527060 |
| വികസന ഫണ്ട് – എസ്.സി.പി. | | 2749000 | 2749000 | 1962743 | 786257 |
| വികസന ഫണ്ട് – റ്റി.എസ്.പി. | Xx | Xx | Xx | Xx | Xx |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 2194965 | 1849000 | 4043965 | 1439464 | 2604501 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ-ടൈഡ്) | 1612152 | 2542087 | 4154239 | 2894185 | 1260054 |
| മെയിന്റനൻസ് ഗ്രാന്റ് - റോഡ് | 0 | 16122150 | 16122150 | 1640093 | 14482057 |
| മെയിന്റനൻസ് ഗ്രാന്റ് - നോൺ -റോഡ് | 0 | 1696600 | 1696600 | 763611 | 932989 |
| **സംസ്ഥാനാവിഷ്കൃത, കേന്ദ്രാവിഷ്കൃത ഫണ്ടുകൾ** | | | | | |
| പൈക | 30552 | 0 | 30552 | 0 | 30552 |
| ലൈഫ് - സംസ്ഥാന വിഹിതം | 0 | 3400000 | 3400000 | 1320000 | 2080000 |
| ഐ.സി.ഡി.എസ്സ് | 789614 | 819843 | 1609457 | 0 | 1609457 |
| ശബരിമല ഗ്രാന്റ് | 1019523 | 0 | 1019523 | 673098 | 346425 |

| | | | | | |
|---|---|---|---|---|---|
| ഹെൽത്ത് ഗ്രാന്റ് ഇൻഫ്രാ സ്ട്രക്ചർ | 78962 | 1682443 | 1761405 | 1673070 | 88335 |
| ഹെൽത്ത് ഗ്രാന്റ് കെട്ടിട നിർമ്മാണം | 0 | 5607838 | 5607838 | 124 | 5607714 |
| ഹെൽത്ത് ഗ്രാന്റ് വെൽനെസ്സ് സെന്റർ | 97122 | 359698 | 456820 | 415742 | 41078 |
| ശുചിത്വ മിഷൻ | 1121820 | 1121599 | 2243419 | 0 | 2243419 |
| ബയോ ഡൈവേഴ്സിറ്റി ഫണ്ട് | 1060861 | 0 | 1060861 | 829825 | 231036 |
| സാക്ഷരത | 122384 | 3401 | 125785 | 0 | 125785 |

സ്ഥാപനം ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ, വിവിധ വിഭാഗങ്ങളിൽ നിന്നും സ്രോതസ്സിൽ കുറവ് ചെയ്ത തുക വരവിൽ (അലോട്ട്മെന്റ്) ഉൾപ്പെട്ടിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് | ഇനം (സോഴ്സ് ഡിഡക്ഷൻ) | വരവ് തുക |
|---|---|---|
| വികസന ഫണ്ട്-ജനറൽ | അങ്കണവാടി അധിക വേതനം | 1095000 |
| വികസന ഫണ്ട്-ജനറൽ | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 603812 |
| വികസന ഫണ്ട്-എസ്.സി.പി | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 392743 |

## 1-5 പദ്ധതി അവലോകനം

1. ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയ പദ്ധതിയുടെ എണ്ണം | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | നടപ്പാക്കിയ പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 246 | 93909400 | 114 | 29026886 | 132 | 46.53 |

2. നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വിവരം

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആവിഷ്ക്കരിച്ച പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | 14 | 12 | 3473220 | 2620349 | 75.44 |
| മെഡിക്കൽ ഓഫീസർ,ഹോമിയോ | 3 | 3 | 220000 | 219447 | 99.75 |
| കൃഷി ഓഫീസർ | 11 | 5 | 3817500 | 506640 | 13.27 |
| സെക്രട്ടറി | 50 | 27 | 11345145 | 6173980 | 54.42 |
| വെറ്ററിനറി സർജൻ | 7 | 7 | 1286424 | 1235733 | 96.06 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ/ലേഡി | 9 | 7 | 22349593 | 7477000 | 33.45 |

| | | | | | |
|---|---|---|---|---|---|
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | | | | | |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 18 | 8 | 7185126 | 1402938 | 19.53 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 9 | 5 | 5088600 | 1963306 | 38.58 |
| ഡയറിഫാം ഇൻസ്ട്രക്ടർ | 2 | 2 | 1400000 | 704057 | 50.29 |
| ഹെഡ്മാസ്റ്റർ | 7 | 3 | 1031860 | 689345 | 66.81 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 110 | 31 | 35999433 | 5637465 | 15.66 |
| അസിസ്റ്റന്റ് സെക്രട്ടറി | 5 | 3 | 612499 | 356626 | 58.22 |
| ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 100000 | 40000 | 40 |
| **ആകെ** | **246** | **114** | **93909400** | **29026886** | **30.91** |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവ് | 981766 | 814926 | 1796692 | 1760232 | 36460 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയ തുക | | 16221575 | 16221575 | 16221575 | |
| | 981766 | 17036501 | 18018267 | 17981807 | 36460 |

## 1-7 ക്ഷേമ പദ്ധതികൾ

| പെൻഷൻ ഇനം | ഗുണഭോക്താക്കളുടെ എണ്ണം | ചെലവ് തുക |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 2266 | 26,007,200 |
| വിധവാ പെൻഷൻ | 704 | 8,759,900 |
| കർഷക തൊഴിലാളി പെൻഷൻ | 160 | 1,983,400 |
| മാനസിക/ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പെൻഷൻ | 264 | 3,122,900 |
| അവിവാഹിതരായ 50 വയസ്സിന് മുകളിലുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 21 | 2,98,600 |

## 1-8 ക്യാഷ് പരിശോധന

ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് പരിശോധന 16.11.2024, 12.25 P.M-ന് ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ, നീക്കിയിരുപ്പ് തുകയായ 6565 (ആറായിരത്തി അഞ്ഞൂറ്റി അറുപത്തിയഞ്ച് ) രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണം പൊതുവെ തൃപ്തികരമാണ്. നിലവിലുള്ള പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പൊതുജനങ്ങൾക്ക് സഹായകമായ രീതിയിൽ നോട്ടീസ് ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. രജിസ്റ്ററുകൾ, ഫയലുകൾ എന്നിവ കൃത്യമായി തയ്യാറാക്കി സൂക്ഷിക്കുന്നതിൽ ശ്രദ്ധ ചെലുത്തിയിട്ടുണ്ട്. ILGMS-ൽ ലഭ്യമായ കണക്കുകൾ പ്രകാരം ഓഡിറ്റ് തീയതിയായ 18.11.2024-ൽ 711 ഫയലുകളിൽ നടപടി പൂർത്തിയാക്കാനുണ്ട്. ഇതിൽ 396 എണ്ണം സർവ്വീസ് ഡെലിവറി ഡേറ്റ് കഴിഞ്ഞിട്ടും നടപടി പൂർത്തിയാകാത്തവയാണ്.

ഗ്രാമസഭ, വർക്കിംഗ് ഗ്രൂപ്പ്, സ്റ്റാൻഡിംഗ് കമ്മിറ്റി എന്നിവ കൃത്യമായ ഇടവേളകളിൽ യോഗം ചേരുന്നുണ്ട്. ഗ്രാമസഭ, വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളുടെ ചർച്ചകൾ, തീരുമാനങ്ങൾ എന്നിവയുടെ വിശദ വിവരം മിനിട്ട്സ് ബുക്കുകളിൽ രേഖപ്പെടുത്തുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് കമ്മിറ്റികളായി പ്രവർത്തിക്കണം എന്ന നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല. സകർമ്മ ആപ്ലിക്കേഷൻ മുഖേന ഭരണസമിതി യോഗങ്ങളുടെ മിനിട്ട്സ് തയ്യാറാക്കി പ്രസിഡന്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നതിൽ വലിയ കാലതാമസം വന്നിട്ടുണ്ട്. മിനിട്ട്സുകളിൽ തീരുമാനം, തീരുമാന വിവരണം എന്നിവ രേഖപ്പെടുത്തുമ്പോൾ ഒരേ കാര്യം ആവർത്തിക്കുന്നത് അനുചിതമാണ്. അപാകം പരിഹരിക്കേണ്ടതുണ്ട്. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനു നടപടികൾ സ്വീകരിക്കേണ്ടുണ്ട്. കൃഷി ഓഫീസ് ഇതിനു ഉദാഹരണമാണ്.

തനത് വരുമാനം പിരിച്ചെടുക്കുന്നതിൽ മെച്ചപ്പെട്ട പ്രവർത്തനം നടത്തേണ്ടതുണ്ട്. പഞ്ചായത്ത് പരിധിയിലുള്ള എല്ലാ വ്യാപാര, വ്യവസായ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി ഒരു ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവയുടെ പിരിവ് കാര്യക്ഷമമല്ലെന്നാണ് ഇത് സൂചിപ്പിക്കുന്നത്. വസ്തു നികുതി പിരിവും കാര്യക്ഷമമല്ല. പത്തു ലക്ഷത്തോളം രൂപ വസ്തു നികുതി കുടിശ്ശികയുണ്ട്.

പഞ്ചായത്ത് ഓഫീസിനോട് ചേർന്ന് സ്ഥാപിച്ചിട്ടുള്ള മിനി എം.സി.എഫ്-നു സംഭരണ ശേഷി കുറവായതിനാൽ, പ്ലാസ്റ്റിക് മാലിന്യം പഞ്ചായത്ത് ഓഫീസിനു ചുറ്റം സൂക്ഷിച്ചിട്ടുള്ളത് ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നു.

നിഷ്ക്രിയ ആസ്തികൾ പൊതു ജനങ്ങൾക്കു പ്രയോജനകരമാകുന്ന രീതിയിൽ പുനരുദ്ധരിച്ച് സംരക്ഷിക്കുന്നതിൽ വീഴ്ച ഉണ്ടായിട്ടുണ്ട്. ടേക്ക് എ ബ്രേക്ക് കെട്ടിടം ഇതിനു ഉദാഹരണമാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22.11.2017 മുതൽ 06.12.2017 വരെ | 2013-14 മുതൽ 2016-17 വരെ | 17.01.2018 |

## 1-11 തൊഴിൽ നികുതി - കുടിശ്ശിക ഈടാക്കേണ്ടതാണ്

I) 2023-24-ലെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, അർദ്ധവാർഷിക പത്രികകൾ എന്നിവ പരിശോധിച്ചതിൽ നിന്നും, താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ലെന്ന് വ്യക്തമായി.

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1. | അയിരൂർ പുതിയകാവ് ദേവസ്വം, ആറന്മുള ഗ്രൂപ്പ് | 1,2 |
| 2. | പോസ്റ്റ് ഓഫീസ്, തേക്കുങ്കൽ | 1 |
| 3. | മുളമൂട്ടിൽ ഫിനാൻസ്, ഇടത്രമൺ | 2 |

| | | |
|---|---|---|
| 4. | എസ്.എൻ.ഡി.പി. എച്ച്.എസ്, കാഞ്ഞീറ്റുകര | 2 |
| 5. | അക്ഷയ കേന്ദ്രം, പ്ലാങ്കമൺ | 1.2 |

Ii) 2023-24 വാർഷിക കണക്കുകൾ പ്രകാരം 31.03.2024-ൽ Receivables For Professional Tax – Instituition, Receivables For Professional Tax – Traders എന്ന ഹെഡുകളിലായി ആകെ 14,100 രൂപയും Receivables For Professional Tax – Traders (Arrears) എന്ന ഹെഡിലായി 4,550 രൂപയും കുടിശ്ശിക കാണിക്കുന്നു. ഈ തുക ഡിമാന്റ് ചെയ്ത് ഈടാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. അരിയർ ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 21/19.11.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. തൊഴിൽ നികുതി കുടിശ്ശിക പൂർണ്ണമായും പിരിച്ചെടുക്കുകയും, അപാകങ്ങൾ പരിഹരിച്ച് മറുപടി ലഭ്യമാക്കുകയും ചെയ്യേണ്ടതാണ്.

## 1-12 ലൈസൻസ് നൽകുന്നതിൽ നടപടിക്രമങ്ങൾ പാലിക്കുന്നില്ല

കേരളാ പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 232(1) പ്രകാരം, വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകുന്ന ലൈസൻസില്ലാതെയും, ലൈസൻസിലെ നിബന്ധനകൾക്ക് വിരുദ്ധമായും പഞ്ചായത്തിലെ യാതൊരു സ്ഥാപനവും പ്രവർത്തിക്കാൻ പാടില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ലൈസൻസുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളിൽ ചുവടെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

I) 2023-24 സാമ്പത്തിക വർഷത്തെ ലൈസൻസ് വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ 265 സ്ഥാപനങ്ങളാണ് തൻവർഷം ലൈസൻസ് എടുത്തിട്ടുള്ളതെന്ന് കണ്ടു. സ്മാർട്ട് ഗാർബേജ് ആപ്പ് സിസ്റ്റത്തിൽ ലഭ്യമായ റിപ്പോർട്ട് പ്രകാരം പഞ്ചായത്ത് പരിധിയിലുള്ള വ്യാപാര സ്ഥാപനങ്ങളുടെ എണ്ണം 468 ആണ്. 203 സ്ഥാപനങ്ങൾ പഞ്ചായത്തിൽനിന്നും ലൈസൻസ് എടുക്കാതെയാണ് പ്രവർത്തിക്കുന്നതെന്ന് ഇതിൽനിന്നും വ്യക്തമാകുന്നു.

Ii) സഞ്ചയ സോഫ്റ്റ്‌വെയറിൽ ലഭ്യമായ ഡാറ്റ പരിശോധിച്ചതിൽ വാർഡ് 1/303A-ൽ ഫ്യൂവൽ സ്റ്റേഷൻ എന്ന ഉപയോഗക്രമത്തിൽ സ്ഥാപനം ഉള്ളതായി കണ്ടു. ഈ സ്ഥാപനം 2023-24 സാമ്പത്തിക വർഷം ലൈസൻസ് എടുത്തിട്ടുള്ളതായി പരിശോധനയിൽ കാണാൻ കഴിഞ്ഞിട്ടില്ല.

Iii) തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം അയിരൂർ ഫിറ്റ്നസ് സെന്റർ എന്ന സ്ഥാപനത്തിലെ 2 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്. ഈ സ്ഥാപനം ലൈസൻസ് എടുത്തതിന്റെയും സ്ഥാപന തൊഴിൽ നികുതി ഒടുക്കിയതിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

Iv) സേവന മേഖലയിൽ പ്രവർത്തിക്കുന്ന ബി കെയർ സൊല്യൂഷൻസ്, തടിയൂർ എന്ന സ്ഥാപനത്തിന്റെ മൂലധന നിക്ഷേപം 50 ലക്ഷം ആണെന്ന് ലൈസൻസ് അപേക്ഷയിൽ സ്ഥാപന ഉടമ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ഇതിനു ബാധകമായ ലൈസൻസ് ഫീസ് 5000 ആണ്. എന്നാൽ 1000 രൂപ മാത്രമാണ് ഈടാക്കിയിരിക്കുന്നത്.

V) ലൈസൻസിനായി സമർപ്പിച്ച പല അപേക്ഷകളിലും മൂലധന നിക്ഷേപം രേഖപ്പെടുത്തിയിട്ടില്ല. അതിനാൽ പഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ള ലൈസൻസ് ഫീസിന്റെ കൃത്യത പരിശോധിച്ച് ഉറപ്പുവരുത്താൻ സാധിച്ചില്ല. ഉദാഹരണമായി ഗുരുകൃപ ഫ്യൂവൽസ് – 4000 രൂപയാണ് ലൈസൻസ് ഫീ അടച്ചിട്ടുള്ളത്. അപേക്ഷയിൽ മൂലധന നിക്ഷേപം രേഖപ്പെടുത്തുകയോ മൂലധന നിക്ഷേപം സാക്ഷ്യപ്പെടുത്തുന്ന മറ്റ് രേഖകളോ ഇല്ല.

Vi) 2023-24 വാർഷിക കണക്കുകൾ പ്രകാരം 31.03.2024-ൽ 431300101-Receivables For License Fees For Factories, Traders, Entrepreneurs And Other Services -Current എന്ന ഹെഡിൽ 17,550 രൂപയും Arrears-ൽ 900 രൂപയും കുടിശ്ശികയും കാണിച്ചിരിക്കുന്നു. ഈ തുക ഡിമാന്റ് ചെയ്ത് ഈടാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. ഇതിന്റെ അരിയർ ഡിമാന്റ് രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിക്കുന്നുമില്ല.

മേൽ പരാമർശിച്ച ആപാകതകൾക്ക് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.09/19.11.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

ലൈസൻസിനായി സമർപ്പിക്കപ്പെടുന്ന അപേക്ഷകളിൽ മൂലധന നിക്ഷേപം, ജീവനക്കാരുടെ എണ്ണം, സ്ഥാപനത്തിന്റെ പേര് മുതലായ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ടെന്നും, എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നുണ്ടെന്നും ഉറപ്പുവരുത്തേണ്ടതാണ്.

## 1-13 തനതു വരവുകൾ അനിവാര്യ ചുമതലകൾ നിറവേറ്റാൻ പര്യാപ്തമല്ല.

ഗ്രാമപഞ്ചായത്തിന്റെ തനതു വരവുകൾ പഞ്ചായത്തിൽ നിക്ഷിപ്തമായ അനിവാര്യ ചുമതലകൾ നിറവേറ്റാൻ പര്യാപ്തമല്ലെന്നാണ് പഞ്ചായത്തിന്റെ നികുതി നികുതിയേതര വരുമാനം സംബന്ധിച്ച കണക്കുകൾ സൂചിപ്പിക്കുന്നത്. സർക്കാർ പൊതു ആവശ്യ ഗ്രാന്റ് ലഭ്യമാക്കുന്നതുകൊണ്ട് മാത്രമാണ് തനത് ചെലവുകൾ കണ്ടെത്താൻ കഴിയുന്നത്. 2023-24 സാമ്പത്തിക വർഷത്തെ Income & Expenditure Statement പ്രകാരമുള്ള തനത് വരുമാനവും, റവന്യൂ ചെലവുകളും ചുവടെ പറയും പ്രകാരമാണ്.

| തനത് വരുമാനം | തുക | തനത് ചെലവുകൾ | തുക |
|---|---|---|---|
| നികുതി വരുമാനം (വസ്തു നികുതി, തൊഴിൽ നികുതി) | 6610174 | എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ | 11181821 |
| വാടക | 1000 | ഭരണപരമായ ചെലവുകൾ | 1165652 |
| ഫീസുകളും യൂസർ ചാർജ്ജും | 3316937 | പ്രവർത്തന ചെലവുകളും, പരിപാലനവും | 2947191 |
| വിൽപ്പനയും വാടക നിരക്കുകളും | 102756 | ബാങ്ക് ചാർജസ് | 274 |
| പലിശ | 165126 | | |
| **ആകെ** | 10195993 | | 15294938 |

ഗ്രാമപഞ്ചായത്തിന്റെ ധനക്കമ്മി 5098945 രൂപയാണ്. 10018800 രൂപ ജനറൽ പർപ്പസ് ഗ്രാന്റിനത്തിൽ 2023-24 സാമ്പത്തിക വർഷം ലഭിച്ചതു കൊണ്ടു മാത്രമാണ് ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനും അനിവാര്യ ചെലവുകൾക്കും പണം കണ്ടെത്താനായത്.

നികുതി വരുമാനം പൂർണ്ണമായി പിരിച്ചെടുക്കുന്നതിൽ വീഴ്ച ഉണ്ടായി. വാർഷിക കണക്കുകൾ പ്രകാരം വസ്തുനികുതി ഇനത്തിൽ 9.19 ലക്ഷം രൂപ കുടിശ്ശിക ഈടാക്കാനുണ്ട്. മുൻവർഷ കുടിശ്ശികയായ 17.7 ലക്ഷം രൂപ എഴുതിത്തള്ളിയിട്ടുമുണ്ട്. ഇതിനെ സാധൂകരിക്കുന്ന രേഖകൾ ഹാജരാക്കിയില്ല.

ഗ്രാമപഞ്ചായത്തിന്റെ ദൈനംദിന ചെലവുകൾക്ക് പണം കണ്ടെത്തുന്നതിനും, അനിവാര്യ ചുമതലകളും മേഖലാ ചുമതലകളും നിർവ്വഹിക്കുന്നതിനും സ്ഥാപനത്തിന്റെ തനത് വരുമാനം പര്യാപ്തമല്ല. ഈ സാഹചര്യത്തിൽ പ്രവർത്തിക്കാത്ത പൊതുടാപ്പുകളടെ വെള്ളക്കരം, തെരുവ് വിളക്കുകളുടെ അൺമീറ്റേർഡ് വൈദ്യുതി ചാർജ്ജ് പോലെയുള്ള പാഴ്ചെലവുകൾ ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. നികുതി ചോർച്ച തടയുന്നതിനും, തനത് വരുമാനം പൂർണ്ണമായും പിരിച്ചെടുക്കുന്നതിനും പഞ്ചായത്ത് നടപടി സ്വീകരിക്കണം. പഞ്ചായത്തിന്റെ മോശമായ സാമ്പത്തിക നില തുടർനടപടികൾക്കായി ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-14 വാട്ടർ ചാർജ് കുടിശ്ശിക - പഞ്ചായത്തിന് 2.38 കോടി രൂപയുടെ ബാധ്യത

വാട്ടർ ചാർജ് ഇനത്തിലുള്ള കുടിശ്ശിക തുക ഒടുക്കുവരുത്താത്തത് പഞ്ചായത്തിന് ബാധ്യതയാകുന്നു. 2024 ഒക്ടോബർ മാസം ലഭിച്ച ഏറ്റവും പുതിയ ഡിമാന്റ് നോട്ടീസ് പ്രകാരം (89505/07.10.2024) 4,53,138 രൂപ തൻമാസ ഫൈൻ ഉൾപ്പെടെ 2,38,43,630 രൂപ കുടിശ്ശികയുണ്ട്. ഇത് സംബന്ധിച്ച് ഓഡിറ്റിന് ലഭ്യമാക്കിയ രേഖകൾ പരിശോധിച്ചതിൽ നിന്നും ബോധ്യപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) **വാട്ടർചാർജ് ഇനത്തിൽ അടവാക്കിയ തുക കുടിശ്ശികയായി വീണ്ടും ഡിമാന്റ് ചെയ്യുന്നു**

2023-24 സാമ്പത്തിക വർഷം 243 സ്ട്രീറ്റ് ടാപ്പുകളുടെ കുടിവെള്ളക്കരം ഇനത്തിൽ തനത് ഫണ്ടിൽനിന്ന് ആകെ 24,75,767 രൂപ ഒടുക്കിയിട്ടുണ്ട്. തുക ഒടുക്കിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഡിമാന്റ് നോട്ടീസ് നം./ തീയതി | മുൻമാസം കുടിശ്ശിക | ഫൈൻ | തന്മാസ ഡിമാന്റ് | ആകെ | ഒടുക്കിയ തുക |
|---|---|---|---|---|---|---|
| 1. | 72722/ 06/04/23 | 14339064 | 281377 | 294820 | 14915261 | 294820 |
| 2. | 71079/ 06/02/23 | 13394040 | 262772 | 117207 | 13774019 | 117207 |
| 3. | 74029/ 09/05/23 | 14915261 | 292678 | 294820 | 15502759 | 294820 |
| 4. | 74481/ 03/06/23 | 15502759 | 304202 | 294820 | 16101781 | 294820 |
| 5. | 75859/ 09/07/23 | 16101781 | 315952 | 294820 | 16712553 | 294820 |
| 6. | 76622/ 07/08/23 | 16712553 | 327932 | 294820 | 17335305 | 294820 |
| 7. | 77565/ 11/09/23 | 17335305 | 340147 | 294820 | 17970272 | 294820 |
| 8. | 78776/ 12/10/23 | 17970272 | 352603 | 294820 | 18617695 | 294820 |
| 9. | 79044/ 06/11/23 | 18028055 | 353509 | 294820 | 18676384 | 294820 |
| | ആകെ | | | | | 2475767 |

പ്രസ്തുത തുക വാട്ടർ അതോറിറ്റി കൈപ്പറ്റിയതായുള്ള രേഖകളില്ല. പ്രതിമാസം അടവാക്കിയ തുക കണക്കിൽ ഉൾപ്പെടുത്താതെ കുടിശ്ശികയായി തുടർന്നുള്ള മാസം വീണ്ടും ഡിമാന്റ് ചെയ്യുന്നു. കുടിശ്ശിക വർദ്ധിക്കുന്നതിനു ഇതു ഇടയാക്കുന്നു.

**2) 2023 ഡിസംബർ മാസം മുതൽ വാട്ടർ ചാർജ് ഒടുക്കുന്നില്ല; കണക്കുകൾ കൃത്യമാക്കുന്നതിന് നടപടി സ്വീകരിച്ചില്ല**

2023 ഡിസംബർ മാസം മുതൽ ഗ്രാമപഞ്ചായത്ത് വാട്ടർചാർജ് ഒടുക്കു വരുത്തുന്നില്ല. വാട്ടർചാർജ് കുടിശ്ശിക സംബന്ധിച്ച് 02.12.2023-ലെ ഭരണസമിതി യോഗം ചർച്ച ചെയ്തിരുന്നു. പൊതു ടാപ്പുകൾ നിർത്തലാക്കുന്നതിനു കത്തുകൾ നൽകിയിട്ടും നടപടികൾ സ്വീകരിക്കാത്തതിനാലും, വാട്ടർ ചാർജ്ജ് തെറ്റായ ശീർഷകത്തിൽ ഒടുക്കു വരുത്തിയതിൽ പരിഹാര നടപടികൾ സ്വീകരിക്കാത്തതിനാലും ജോയിന്റ് വെരിഫിക്കേഷൻ ആവശ്യമെങ്കിൽ നടത്തി, പ്രവർത്തനക്ഷമമല്ലാത്ത പൊതുടാപ്പുകളുടെ എണ്ണം ബില്ലിൽ നിന്നും പൂർണ്ണമായും ഒഴിവാക്കുന്നതിനും ആയതിനാവശ്യമായ ആർബിട്രേഷൻ നടപടികൾ തിരുവല്ല RDO മുഖേന സ്വീകരിക്കുന്നതിനും യോഗത്തിൽ തീരുമാനിച്ചു [തീരുമാനം നമ്പർ 18(1)]. കമ്മിറ്റി തീരുമാനത്തിന്മേൽ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല. തുടർനടപടികളുടെ വിശദാംശങ്ങൾ ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.28/21.11.2024) മറുപടി ലഭ്യമാക്കിയില്ല.

കുടിശ്ശിക കണക്കുകളിലെ ന്യൂനത പരിഹരിച്ച് ബാധ്യത കൃത്യമായി നിർണ്ണയിക്കേണ്ടത് അനിവാര്യമാണ്. ഈ വിഷയത്തിൽ അടിയന്തിര ഇടപെടൽ ഭരണസമിതിയുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്. സംയുക്ത പരിശോധന എത്രയും വേഗം പൂർത്തിയാക്കുന്നതിനും, പ്രവർത്തനക്ഷമമല്ലാത്തതും, അനിവാര്യമല്ലാത്തതുമായ പൊതുടാപ്പുകൾ നിർത്തലാക്കി പഞ്ചായത്ത് ഫണ്ടിന്റെ പാഴ്ചെലവ് ഒഴിവാക്കേണ്ടതാണ്.

## 1-15 യോഗ നടപടികളുടെ മിനിട്ട്സ് തയ്യാറാക്കുന്നതിൽ ചട്ടപ്രകാരമുള്ള സമയപരിധി പാലിക്കുന്നില്ല

1995-ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം ചട്ടങ്ങളിലെ) ചട്ടം 26(8) പ്രകാരം യോഗം കഴിഞ്ഞ് മൂന്നു ദിവസത്തിനകം സെക്രട്ടറി മിനിട്ട്സ് തയ്യാറാക്കി പ്രസിഡന്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതുണ്ട്. എന്നാൽ സകർമ്മ ആപ്ലിക്കേഷൻ മുഖേനയുള്ള ഭരണസമിതി യോഗങ്ങളുടെ നടപടിക്രമങ്ങൾ പരിശോധിച്ചതിൽ, സെക്രട്ടറി മിനിട്ട്സ് തയ്യാറാക്കി പ്രസിഡന്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നത്തിൽ സമയപരിധി പാലിക്കുന്നില്ലെന്ന് ശ്രദ്ധയിൽപ്പെട്ടു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | യോഗ നം. | യോഗ തീയതി | സെക്രട്ടറി അംഗീകാരത്തിനായി അയച്ച തീയതി | അദ്ധ്യക്ഷൻ അപ്പ്രൂവ് ചെയ്ത തീയതി |
|---|---|---|---|---|
| 1. | 9/23 | 13/04/2023 | 29/09/2023 | 29/09/2023 |
| 2. | 11/23 | 25/04/2023 | 24/06/2023 | 24/06/2023 |
| 3. | 12/23 | 19/05/2023 | 29/09/2023 | 29/09/2023 |
| 4. | 13/23 | 24/05/2023 | 24/06/2023 | 24/06/2023 |
| 5. | 14/23 | 29/05/2023 | 19/07/2023 | 19/07/2023 |
| 6. | 15/23 | 02/06/2023 | 24/06/2023 | 24/06/2023 |
| 7. | 16/23 | 01/07/2023 | 17/10/2023 | 17/10/2023 |
| 8. | 17/23 | 14/07/2023 | 24/07/2023 | 24/07/2023 |
| 9. | 18/23 | 22/07/2023 | 20/11/2023 | 20/11/2023 |
| 10. | 19/23 | 29/07/2023 | 03/08/2023 | 03/08/2023 |
| 11. | 20/23 | 14/08/2023 | 20/09/2023 | 20/09/2023 |
| 12. | 21/23 | 22/08/2023 | 20/09/2023 | 20/09/2023 |
| 13. | 22/23 | 12/09/2023 | മിനിട്ട്സ് പൂർത്തീകരിച്ചിട്ടില്ല | |
| 14. | 23/23 | 27/09/2023 | 20/11/2023 | 20/11/2023 |
| 15. | 24/23 | 06/10/2023 | 20/11/2023 | 20/11/2023 |
| 16. | 25/23 | 25/10/2023 | 20/11/2023 | 20/11/2023 |
| 17. | 26/23 | 08/11/2023 | 26/07/2024 | 26/07/2024 |
| 18. | 27/23 | 02/12/2023 | 27/04/2024 | 27/04/2024 |
| 19. | 28/23 | 15/12/2023 | 27/04/2024 | 27/04/2024 |
| 20. | 29/23 | 29/12/2023 | 27/07/2024 | 27/07/2024 |
| 21. | 1/24 | 11/01/2024 | 12/04/2024 | 12/04/2024 |
| 22. | 2/24 | 23/01/2024 | 07/03/2024 | 07/03/2024 |
| 23. | 3/24 | 09/02/24 | 07/03/2024 | 07/03/2024 |
| 24. | 4/24 | 12/02/2024 | 07/03/2024 | 07/03/2024 |
| 25. | 5/24 | 13/02/2024 | 26/07/2024 | 26/07/2024 |
| 26. | 6/24 | 01/02/2024 | 27/04/2024 | 27/04/2024 |
| 27. | 7/24 | 15/03/2024 | 27/07/2024 | 27/07/2024 |

ചട്ടപ്രകാരം പഞ്ചായത്ത് കമ്മിറ്റി യോഗം അവസാനിച്ച് മൂന്ന് ദിവസത്തിനുള്ളിൽ യോഗ നടപടിക്കുറിപ്പുകളുടെ നക്കൽ തയ്യാറാക്കി സെക്രട്ടറി അദ്ധ്യക്ഷന്റെ അംഗീകാരത്തിനു സമർപ്പിക്കേണ്ടതും, നക്കൽ അദ്ധ്യക്ഷനു ലഭിച്ച് 24 മണിക്കൂറിനുള്ളിൽ ആയത് പരിശോധിച്ച് വസ്തുതാപരമായി ആവശ്യമുള്ള തിരുത്തൽ വരുത്തി സെക്രട്ടറിക്ക് തിരിച്ച് നൽകേണ്ടതുമാണ്. എന്നാൽ ഈ നിർദ്ദേശങ്ങൾ പാലിക്കപ്പെട്ടിട്ടില്ല. 12/09/2023-ലെ 22-ാം നമ്പർ യോഗത്തിന്റെ മിനിട്ട്സ് ഓഡിറ്റ് തീയതിയിലും പൂർത്തിയാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.16/18.11.24) മറുപടി ലഭ്യമാക്കിയിട്ടില്ല.

പ്രാദേശിക ഭരണ സംവിധാനത്തിന്റെ സുതാര്യത ഉറപ്പാക്കുന്നതിനും, പഞ്ചായത്തിന്റെ തീരുമാനങ്ങൾ, നടപടികൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ പൊതുജനങ്ങൾക്ക് കാലതാമസം കൂടാതെ ലഭിക്കുന്നതിനുമാണ് സകർമ്മ സോഫ്റ്റ്‌വെയർ മുഖേന മിനിട്ട്സ് തയ്യാറാക്കാൻ സർക്കാർ നിർദ്ദേശിച്ചിട്ടുള്ളത്. ചട്ടം അനുശാസിക്കും പ്രകാരം യോഗനടപടികളുടെ മിനിട്ട്സ്

പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-16 ചെലവു രേഖകൾ കൃത്യമായി സൂക്ഷിട്ടില്ല

I) ചുവടെ ചേർക്കുന്ന പണം പിൻവലിക്കലുകളുമായി ബന്ധപ്പെട്ട ചെലവു രേഖകൾ ILGMS-ൽ ലഭ്യമല്ല. ഒരേ ഇനത്തിനായി വ്യത്യസ്ത മാസങ്ങളിലായി വ്യത്യസ്ത തുകകൾ ചെലവു രേഖപ്പെടുത്തിയിരിക്കുന്നു. രണ്ടു ചെലവുകളെയും സാധൂകരിക്കുന്ന വൗച്ചറുകൾ ലഭ്യമല്ല.

| ക്രമ നം. | ചെക്ക് നം. *തീയതി* | ചെക്ക് തുക | വൗച്ചർ തുക | വിഷയം | റിമാർക്സ് | ഇൻവോയ്സ് നം. |
|---|---|---|---|---|---|---|
| 1 | 994137/ 06.01.2024 | 24,283 | 8,387 | ആംബുലൻസിന്റെ വെഹിക്കിൾ ടാക്സ് | ILGMS-ൽ വൗച്ചറിന്റെ വിശദാംശങ്ങൾ ഇല്ല. | ലഭ്യമല്ല |
| 2 | 994079/ 27.09.2023 | 41,652 | 7,500 | ആംബുലൻസിന്റെ വെഹിക്കിൾ ടാക്സ് | To സിറ്റിസൺ ഇന്ത്യാ ഫൗണ്ടേഷൻ | ലഭ്യമല്ല |

06.01.2024-ലെ 994137 നമ്പർ ചെക്ക് പ്രകാരം 8387 രൂപ ആംബുലൻസിന്റെ വെഹിക്കിൾ ടാക്സ് ഇനത്തിൽ ചെലവ് ചെയ്തിട്ടുണ്ട്. ബിൽ രജിസ്റ്റർ പ്രകാരം, ഇതേ ആവശ്യത്തിന് 27.09.2023-ലെ 994079 നമ്പർ ചെക്ക് പ്രകാരം 7500 രൂപയുടെ ചെലവും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ചെലവുകളെ സാധൂകരിക്കുന്ന രേഖകൾ ലഭ്യമല്ല. ഇക്കാരണത്താൽ രണ്ടു ചെക്കുകളിലായി പിൻവലിച്ച 15887 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

2) ബിൽ രജിസ്റ്റർ, ബാങ്ക് സ്റ്റേറ്റ്മെന്റ് എന്നിവ പ്രകാരം ചുവടെ ചേർക്കുന്ന തുകകൾ അക്കൗണ്ടിൽനിന്നും പിൻവലിച്ചിട്ടുണ്ട്. എന്നാൽ ILGMS-ൽ ഇതുമായി ബന്ധപ്പെട്ട് ഭാഗികമായ ചെലവു രേഖകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്.

| ചെക്ക് നം. തീയതി | ചെക്ക് പ്രകാരമുള്ള ആകെ തുക | ILGMS-ൽ ചെലവു രേഖകൾ ലഭ്യമല്ലാത്ത തുക |
|---|---|---|
| 994130/19.12.2023 | 26,100 | 7,970 |
| 994132/28.12.2023 | 1,570 | 470 |
| 994142/12.01.2024 | 30,676 | 19,426 |
| ആകെ | | 27,866 |

27886 രൂപയുടെ ചെലവു രേഖകൾ ILGMS-ൽ ലഭ്യമല്ലാത്ത സാഹചര്യത്തിൽ പ്രസ്തുത ചെലവു ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

മേൽ വിഷയങ്ങളുമായി ബന്ധപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക്( നം. 29 /21.11.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവു രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-17 വസ്തു നികുതി -919048 രൂപ കുടിശ്ശിക

2023-24 വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരം വസ്തു നികുതി ഇനത്തിൽ ആകെ 919048 രൂപ കുടിശ്ശിക ഉണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു

| | |
|---|---|
| Receivables For Property Tax On Residential Buildings (Current) | 419410 |
| Receivables For Property Tax On Residential Buildings (Arrear) | 16242 |
| Receivables For Property Tax On Non- Residential Buildings (Current) | 284512 |

| | |
|---|---|
| Receivables For Property Tax On Non- Residential Buildings (Arrear) | 198884 |

കുടിശ്ശിക സംബന്ധിച്ച വിവരം, അവ ഈടാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരം എന്നിവ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.27/20.11.24) ലഭിച്ച മറുപടിയിൽ, കൂടുതൽ തുക കുടിശ്ശികയുള്ള 4 കെട്ടിടങ്ങളുടെ ഉടമസ്ഥർക്ക് റവന്യൂ റിക്കവറി നോട്ടീസ് നൽകിയതായും, ബാക്കിയുള്ള തുക പിരിച്ചെടുക്കുവാൻ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതാണെന്നും അറിയിച്ചു. കുടിശ്ശിക ഈടാക്കി വിവരം രേഖകൾ സഹിതം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-18 വസ്തുനികുതി കുടിശ്ശിക 1770237 രൂപ ബാലൻസ് ഷീറ്റിൽ നിന്ന് ഒഴിവാക്കി

വസ്തു നികുതിയുമായി ബന്ധപ്പെട്ട ലെഡ്ജറുകൾ പരിശോധിച്ചതിൽ ചുവടെ ചേർത്ത പ്രകാരം ജേണൽ എൻട്രികൾ നടത്തിയതായി കാണപ്പെട്ടു.

1) Receivables For Property Tax On Residential Buildings (Arrears) എന്ന ഹെഡിൽ ജേണൽ വൗച്ചർ 42301269 പ്രകാരം 797666 ക്രെഡിറ്റ് ചെയ്യുകയും, Prior Period Expenses – Tax Remission & Refund-Property Tax On Residential Bulidings എന്ന ഹെഡിൽ ഈ തുക ഡെബിറ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

2) Receivables For Property Tax On Non-Residential Buildings (Arrears) എന്ന ഹെഡിൽ ജേണൽ വൗച്ചർ 42301269 പ്രകാരം 972571 ക്രെഡിറ്റ് ചെയ്യുകയും, Prior Period Expenses-Tax Remission & Refund-Property Tax On Residential Bulidings എന്ന ഹെഡിൽ ഈ തുക ഡെബിറ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

മേൽ ജേണൽ എൻട്രികൾ മുഖേന വസ്തുനികുതി ഇനത്തിൽ മുൻവർഷങ്ങളിൽ കുടിശ്ശിക ഉണ്ടായിരുന്ന 17,70,237 രൂപ ബാലൻസ് ഷീറ്റിൽ നിന്നും ഒഴിവാക്കുകയാണ് ചെയ്തിട്ടുള്ളത്. ജേണൽ എൻട്രികളെ സാധൂകരിക്കുന്ന രേഖകൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.37/21.11.24) മറുപടി ലഭിച്ചില്ല. തുക കുറവ് ചെയ്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 1-19 സേവന ഉപനികുതി - പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനം നടപ്പാക്കിയില്ല

പഞ്ചായത്ത് കമ്മിറ്റിയുടെ 02.06.2023-ലെ 3-ാം നമ്പർ തീരുമാന പ്രകാരം 2023-24 മുതൽ തെരുവിളക്ക് പരിപാലനത്തിനും, കുടിവെള്ള വിതരണത്തിനും സേവന ഉപനികുതി വസ്തു നികുതിയുടെ 10% ആയി നിലനിറുത്തുന്നതിനും. മാലിന്യ പരിപാലനത്തിനായി വസ്തു നികുതിയുടെ 10% സേവന ഉപനികുതി ഏർപ്പെടുത്തുന്നതിനും തീരുമാനിച്ചു. സഞ്ചയ പരിശോധിച്ചതിൽ സേവന ഉപനികുതി 10% മാത്രമായി തുടരുന്നത് കണ്ടു. മാലിന്യ പരിപാലനത്തിനായി വസ്തു നികുതിയുടെ 10% ഉപനികുതി ഏർപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുള്ളതിന്റെ വിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.26/20.11.24) മറുപടി ലഭിച്ചില്ല. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ഈ വിഷയത്തിലേക്കു ക്ഷണിക്കുന്നു.

## 1-20 കരാറുകാരനിൽ നിന്നും ആദായ നികുതി ഈടാക്കിയില്ല

2023-24 സാമ്പത്തിക വർഷം തെരുവു വിളക്കുകൾ മാറ്റി സ്ഥാപിക്കുന്നതിനായി പ്രോജക്ട് നടപ്പാക്കിയിട്ടുണ്ട്. ബൾബ് ഒന്നിന് 75 രൂപ നിരക്ക് ക്വാട്ട് ചെയ്ത ശ്രീ. സുനിൽ തോമസ് എന്ന വ്യക്തിക്കാണ് കരാർ നൽകിയത്. തൻവർഷം കരാറുകാരൻ ആകെ 3845 ബൾബുകൾ മാറ്റിയതായി വാർഡ് മെമ്പർമാർ റിപ്പോർട്ട് നൽകിയിട്ടുണ്ട്. ഈയിനത്തിൽ കരാറുകാരന് നൽകാനുള്ള 288375 രൂപയിൽ 190000 രൂപ തൻവർഷം നൽകിയിട്ടുണ്ട്. പ്രോജക്ടിന്റെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം, പേര് | S0010/24, തെരുവ് വിളക്ക്പരിപാലനം ഡ്രൈവർക്കും ഇലക്ട്രീഷനും വേതനം നൽകൽ |
| അടങ്കൽ | 470280 |
| ചെലവ് | 238180 (തനത് ഫണ്ട്) |
| | |

| | |
|---|---|
| ബിൽ നം., തീയതി, തുക | 493/25.03.24 – ₹95000 |
| | 494/25.03.24 – ₹95000 |
| | 508/26.03.24 – ₹48180 |

കരാറുകാരനുള്ള ബില്ലിൽ നിന്നും നിയമപ്രകാരമുള്ള 1% ആദായ നികുതി കുറവ് ചെയ്തിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം30,20.11.24) മറുപടി ലഭിച്ചില്ല. ആദായ നികുതി കുറവ് ചെയ്യാതെ ബിൽ തുക അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. 1900 രൂപ സെക്രട്ടറിയിൽ നിന്നോ, കരാറുകാരനിൽ നിന്നോ ഈടാക്കി ഒടുക്ക് വരുത്തേണ്ടതാണ്.

## 1-21 ആംബുലൻസ് പരിപാലനത്തിലെ അപാകങ്ങൾ

സിറ്റിസൺസ് ഇൻഡ്യ ഫൗണ്ടേഷൻ എന്ന എൻ.ജി.ഒ. ഗ്രാമപഞ്ചായത്തിന്റെ ഉപയോഗത്തിനായി ഒരു ആംബുലൻസ് (KL-01-CS-8017) വിട്ടുനൽകിയിട്ടുണ്ട്. ആംബുലൻസ് ഡ്രൈവർക്കുള്ള വേതനം, ഇന്ധനം, അറ്റകുറ്റ പണികൾ എന്നിവ സംബന്ധിച്ചുള്ള ചെലവുകൾ ചെയ്യേണ്ടത് ഗ്രാമപഞ്ചായത്ത് ആയിരിക്കണമെന്ന വ്യവസ്ഥ 06.9.2021-ലെ I(1)-ാം നമ്പർ ഭരണസമിതി തീരുമാന പ്രകാരം അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിലാണ് ആംബുലൻസ് ഗ്രാമപഞ്ചായത്തിനു വിട്ടുകിട്ടിയിട്ടുള്ളത്. ആംബുലൻസിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട കാര്യങ്ങൾ ചുവടെ ചേർക്കുന്നു.

1) ആംബുലൻസ് വാടക പിരിക്കുന്നതിനു രസീത് പ്രിന്റ് ചെയ്തിട്ടില്ല.

2) ആംബുലൻസിന്റെ വാടകയിനത്തിൽ ലഭിക്കുന്ന തുക വരവ് വന്ന ദിവസം തന്നെ അടവാക്കുന്നില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| വാഹനം ഓടിയ തീയതി | യാത്രയുടെ വിവരം | യാത്ര ചെയ്ത ആളുടെ പേര് വിവരം | സഞ്ചരിച്ച ദൂരം (കി.മീ.) | തുക | രസീത് നം. |
|---|---|---|---|---|---|
| 06.04.2023 | കാവുംമുക്ക് – കുമളി കമ്പം | ബിന്ദു, കാവുംമുക്ക് | 266 | 3,160 | 1230500067/ 13-04-2023 |
| 14.04.2023 | നെടുമ്പാശ്ശേരി - പൊയ്യാനിൽ മോർച്ചറി | പ്രദീപ്, വെള്ളിയറ | 290 | 3,400 | 1230501072/ 15-06-2023 |
| 15.04.2023 | കടയാർ – കോഴഞ്ചേരി ഗവ. ആശുപത്രി | രാജമ്മ, കടയാർ | 24 | 0 | തുക അടവാക്കിയ വിവരങ്ങൾ ILGMS- ൽ ലഭ്യമല്ല. തുക അടവാക്കിയതിന്റെയോ വാടക ഒഴിവാക്കി നൽകിയതിന്റെയോ വിവരങ്ങൾ ലോഗ്ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. |
| 15.04.2023 | കോഴഞ്ചേരി ഗവ. ആശുപത്രി - കടയാർ | രാജമ്മ, കടയാർ | 26 | 0 | |
| 16.04.2023 | പൊയ്യാനിൽ മോർച്ചറി - വെള്ളിയറ | പ്രദീപ്, വെള്ളിയറ | 37 | 0 | |
| 16.04.2023 | കാവുംമുക്ക് - കുമളി കമ്പം | ബിന്ദു, കാവുംമുക്ക് | 258 | 0 | |
| 29.04.2023 | പുത്തൻശബരിമല – പൊയ്യാനിൽ മോർച്ചറി | രാമൻ, പുത്തൻ ശബരിമല | 16 | 0 | |

3) ആംബുലൻസ് വാഹന വാടക സംബന്ധിച്ച് ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടില്ല.

4) ആംബുലൻസിന്റെ വാടകയുടെ നിരക്ക് നിശ്ചയിച്ചതു സംബന്ധിച്ച തീരുമാനം ലഭ്യമാക്കാത്തതിനാൽ ഈടാക്കിയ തുകയിലെ കൃത്യത ബോദ്ധ്യപ്പെട്ടിട്ടില്ല.

5) 15/08/2024-ന് ശേഷം ആംബുലൻസ് സർവ്വീസ് നൽകുന്നില്ല. ആംബുലൻസ് ഉപയോഗയോഗ്യമല്ലാത്ത നിലയിൽ പഞ്ചായത്ത് ഓഫീസിനു സമീപം പാർക്ക് ചെയ്തിരിക്കുന്നു.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.35/21.11.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതും ആംബുലൻസ് തുടർന്നും ഉപയോഗയോഗ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-22 ഐ.കെ.എം വിഹിതം - ധനവിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം, പേര് | S0001/24, ഐകെഎം നുള്ള പഞ്ചായത്ത് വിഹിതം |
| അടങ്കൽ | 63883 |
| ചെലവ് | 63883 (വികസന ഫണ്ട് ജനറൽ) |
| ബിൽ നം, തീയതി, | 5, 22/05/2023 |

2023-24 സാമ്പത്തികവർഷം പ്രോജക്ട് നമ്പർ S0001/24 പ്രകാരം 63883 രൂപ ഐ.കെ.എം-ന് നൽകിയിട്ടുണ്ട്. ഐ.കെ.എം-ന് നൽകിയ തുകയുടെ ധനവിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.18/19.11.24) മറുപടി ലഭിച്ചില്ല. 63883 രൂപയുടെ ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

## 1-23 ഐ.എസ്.ഒ സർട്ടിഫിക്കേഷൻ - നടപടികൾ പൂർത്തിയായില്ല

2022-23-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ട് നം.97/23 പ്രകാരം 30000 രൂപ കില (KILA)-യ്ക്ക് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ കൺസൾട്ടൻസി ചാർജ്ജ് ആയി നൽകിയിട്ടുണ്ട്. കൂടാതെ ടെണ്ടർ മുഖേന, റ്റി.ക്യു. പ്രോജക്ട് സർവീസസിനെ സർട്ടിഫിക്കേഷനുള്ള ഏജൻസി ആയി തിരഞ്ഞെടുത്തിരുന്നു. 40000 രൂപയ്ക്കാണ് റ്റി.ക്യു. പ്രോജക്ട് സർവീസസിന്റെ ടെണ്ടർ സ്ഥിരപ്പെടുത്തിയത്. 2023-24 സാമ്പത്തിക വർഷം 70000 രൂപ അടങ്കലിൽ മേൽ പ്രോജക്ട് സ്പിൽ ഓവറായി നിലനിർത്തിയിട്ടുണ്ട് (പ്രോജക്ട് നം. S0225/24). എന്നാൽ തുക ചെലവഴിച്ചിട്ടില്ല. ഐ.എസ്.ഒ സർട്ടിഫിക്കേഷന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.19/18.11.2024) മറുപടി ലഭിച്ചില്ല. പദ്ധതി പൂർത്തീകരിക്കുന്നതിനു നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-24 മിനി മാസ്റ്റ് ലൈറ്റ് - പദ്ധതി നിർവ്വഹണത്തിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചില്ല

| | | |
|---|---|---|
| പ്രോജക്ട് നം, പേര് | S0163/24, മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ വാർഡ് 14 | |
| അടങ്കൽ | ₹150000 | |
| ചെലവ് | ₹139000<br>സി.എഫ്.സി. – ₹133150<br>തനത് ഫണ്ട് – ₹5850 | |
| തുക (ബിൽ നം, തീയതി) | ₹119835 (532/30.03.2024) | |
| | ₹13315 (533/30.03.2024) | |
| | ₹5850 (474/25.03.2024) | |

14-ാം വാർഡിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനായി സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതിക്കായി ടെണ്ടർ ക്ഷണിക്കുകയും, ഏറ്റവും കുറഞ്ഞ തുക ക്വോട്ട് ചെയ്ത ലനോവിസ് സെക്യൂരിറ്റി സൊല്യൂഷൻസിന്റെ ടെണ്ടർ അംഗീകരിക്കുകയും ചെയ്തു. കരാറുകാരൻ നൽകിയ ഇൻവോയ്സ് (നം.2023-24/LZ/82, 20.03.24) പ്രകാരമുള്ള 139000 രൂപ നൽകിയിട്ടുണ്ട്. പ്രോജക്ട് നിർവ്വഹണത്തിലുണ്ടായിട്ടുള്ള അപാകതകൾ ചുവടെ ചേർക്കുന്നു.

1) ടെണ്ടർ ക്ഷണിക്കുമ്പോൾ ലൈറ്റുകൾ സ്ഥാപിക്കുന്നതിനൊപ്പം 3 വർഷത്തെ റിപ്ലേസ്മെന്റ് വാറന്റി, തുടർന്നുള്ള 3 വർഷത്തേക്ക് എ.എം.സി. എന്നിവക്കുള്ള വ്യവസ്ഥകൾ കൂടി ഉൾപ്പെടുത്തേണ്ടതാണെന്ന് മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള ധനകാര്യ

വകുപ്പിന്റെ മാർഗ്ഗരേഖയിൽ (ജി.ഒ.(പി)നം.27/2017/ധന., തീയതി 26/02/2017) നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഇത് പാലിച്ചിട്ടില്ല.

2) ധനകാര്യ വകുപ്പിന്റെ മാർഗ്ഗരേഖ അനുസരിച്ച് ലൈറ്റുകൾ സ്ഥാപിക്കുന്നതിന് നിർദ്ദേശിക്കപ്പെട്ട സ്ഥലം അനുയോജ്യമാണെന്ന് കെ.എസ്.ഇ.ബി-യിൽ നിന്നുള്ള നിരാക്ഷേപ പത്രം ഹാജരാക്കണം. ഈ നടപടിക്രമം പാലിച്ചില്ല.

3) ധനകാര്യ വകുപ്പിന്റെ മാർഗ്ഗരേഖയിൽ മാസ്റ്റ്, എൽ.ഇ.ഡി. ലൈറ്റുകൾ എന്നിവ നിശ്ചിത സ്പെസിഫിക്കേഷൻ പ്രകാരമുള്ളതായിരിക്കണമന്ന് നിഷ്കർഷിച്ചിരുന്നു. എന്നാൽ ഈ സ്പെസിഫിക്കേഷൻ പ്രകാരമുള്ള മാസ്റ്റും, ലൈറ്റുകളുമല്ല സ്ഥാപിച്ചിരിക്കുന്നത്.

4) മിനിമാസ്റ്റ് ലൈറ്റുകൾക്ക് വൈദ്യുത കണക്ഷൻ എടുത്തതിന്റെ രേഖകളില്ല.

5) പ്രോജക്ടിന്റെ മോണിട്ടറിംഗ് റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

മേൽ അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.20, 19.11.24) മറുപടി ലഭിച്ചില്ല. പ്രോജക്ട് നിർവ്വഹണത്തിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-25 പഞ്ചായത്തിലെ ഭൂരിപക്ഷം അങ്കണവാടികൾക്കും സ്വന്തമായി കെട്ടിടമില്ല.

ഗ്രാമപ്പഞ്ചായത്തിൽ ആകെ 25 അങ്കണവാടികളുള്ളതിൽ 10 എണ്ണം സ്വന്തം കെട്ടിടത്തിലും ബാക്കി 12 എണ്ണം വാടക കെട്ടിടത്തിലും, 2 എണ്ണം വാടക രഹിത കെട്ടിടത്തിലും പ്രവർത്തിക്കുന്നു. എല്ലാ അങ്കണവാടികൾക്കും ടോയ്‌ലറ്റ് സൗകര്യം ഉണ്ടെങ്കിലും ഒരു അങ്കണവാടിയിലും ശിശു സൗഹൃദ ടോയ്‌ലറ്റുകളില്ല. 10 അങ്കണവാടികൾക്കു മാത്രമാണ് ചുറ്റുമതിൽ ഉള്ളത്. 25 അങ്കണവാടികൾക്കും വാട്ടർ കണക്ഷൻ ലഭിച്ചിട്ടുണ്ട്.

അങ്കണവാടി പോഷകാഹാര വിതരണത്തിന് ലഭിച്ച കേന്ദ്ര വിഹിതത്തിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന 1609448 രൂപ അങ്കണവാടികളുടെ കെട്ടിട നിർമ്മാണം ഉൾപ്പെടെയുള്ള ഭൗതിക സൗകര്യങ്ങൾ ഒരുക്കുന്നതിന് വിനിയോഗിക്കാവുന്നതാണ്. ഈ വിഷയത്തിൽ പഞ്ചായത്ത് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു.

## 1-26 ജനകീയ ഹോട്ടലിന്റെ പ്രവർത്തനം നിലച്ചു

കുടുംബശ്രീയുമായി സഹകരിച്ച് പഞ്ചായത്തിൽ ആരംഭിച്ച ജനകീയ ഹോട്ടലിന്റെ പ്രവർത്തനം നിലച്ചു. ഹോട്ടൽ നടത്തിപ്പിനായി പഞ്ചായത്ത് ഫണ്ട് ചെലവഴിച്ച് വാങ്ങിയ സാധന സാമഗ്രികൾ അനാഥമായി കിടക്കുന്നു.

ജനകീയ ഹോട്ടലിന്റെ കറണ്ട് ചാർജ്ജ്, വാടക, വെള്ളക്കരം എന്നിവ നൽകുന്നതിന് ഓഡിറ്റ് വർഷം അസി.സെക്രട്ടറിയുടെ നിർവ്വഹണ ചുമതലയിൽ പൊതുവിഭാഗം വികസന ഫണ്ടിൽനിന്നും 25000 രൂപ വകയിരുത്തി പ്രോജക്ട് ആവിഷ്കരിച്ച് 24999 രൂപ ചെലവഴിച്ചിട്ടിട്ടുണ്ട്. ഏപ്രിൽ 2023 മുതൽ ജൂൺ 2023 വരെയുള്ള വാടക, വെള്ളക്കരം, കറണ്ട് ചാർജ്ജ് എന്നിവ നൽകുന്നതിനാണ് പണം ചെലവഴിച്ചിത്. അതിനുശേഷം ജനകീയ ഹോട്ടലിന്റെ പ്രവർത്തനം നിലച്ചു. ഹോട്ടലിന് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയതിന് പഞ്ചായത്ത് ചെലവിട്ട തുകയുടെ വിശദാംശങ്ങൾ, നിലവിൽ ജനകീയ ഹോട്ടൽ പ്രവർത്തിക്കാത്തതിന്റെ കാരണം, പ്രവർത്തനം പുനരാരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം, പ്രവർത്തനം നിർത്തിയ സാഹചര്യത്തിൽ പഞ്ചായത്തിൽ നിന്നും നൽകിയിട്ടുള്ള ഫർണിച്ചറുകളും, ഉപകരണങ്ങളും, സി.ഡി.എസിൽ നിന്നും നൽകിയ റിവോൾവിംഗ് ഫണ്ട് എന്നിവ തിരികെ ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം എന്നിവ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.14/18-11-24) അസിസ്റ്റന്റ് സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ സി.ഡി.എസ്/അയൽക്കൂട്ട ഗ്രൂപ്പുകൾ ആരുംതന്നെ സംരംഭം ഏറ്റെടുക്കാൻ തയ്യാറാകാതിരുന്നതിനാൽ ഹോട്ടൽ അടച്ചുപൂട്ടിയതായും, ഹോട്ടലിനായി വാങ്ങിയ സാധനങ്ങൾ എല്ലാം ഹോട്ടൽ പ്രവർത്തിച്ചിരുന്ന വാടക കെട്ടിടത്തിൽ തന്നെ സൂക്ഷിച്ചിരിക്കുകയാണെന്നും അറിയിച്ചു. ജനകീയ ഹോട്ടലിന്റെ പ്രവർത്തനം പുനരാരംഭിക്കാനുള്ള സാധ്യതകൾ പഞ്ചായത്ത് ആരായേണ്ടതാണ്. അല്ലാത്തപക്ഷം

പഞ്ചായത്ത് ഫണ്ട് ചെലവഴിച്ച് ഹോട്ടലിനുവേണ്ടി വാങ്ങിയ സാധന സാമഗ്രികൾ ഏറ്റെടുത്ത് ഉപയോഗപ്പെടുത്തുകയോ, ലേലം ചെയ്ത് പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടുകയോ ചെയ്യേണ്ടതാണ്.

## 1-27 സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ നിരവധി പദ്ധതികൾ - ഫണ്ടുകൾ ചെലവഴിക്കുന്നതിൽ വീഴ്ച

023-24 സാമ്പത്തിക വർഷം സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി അംഗീകാരം ലഭിച്ച 45 ലക്ഷം രുപ അടങ്കലുണ്ടായിരുന്ന 23 പ്രോജക്ടുകൾ നടപ്പിലാക്കിയില്ല. നടപ്പാക്കാത്ത പ്രോജക്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം | പേര് | പ്രജക്ടിന്റെ തരം | അടങ്കൽ |
|---|---|---|---|---|
| 1 | 9 | എബിസി പ്രോഗ്രാം | New | 300000 |
| 2 | 27 | രജിസ്റ്റേഡ് യൂത്ത് ക്ലബുകൾക്ക് സ്പോർട്സ കിറ്റ് വിതരണം | New | 25000 |
| 3 | 29 | വാതിൽപ്പടി സേവനം പദ്ധതി | New | 50000 |
| 4 | 56 | 14-ാം വാർഡിലെ കമ്മ്യൂണിറ്റി സെന്റർ റീവയറിംഗ് | New | 150000 |
| 5 | 58 | ജലജീവൻമിഷൻ പദ്ധതി | New | 100000 |
| 6 | 59 | ഗ്രാമപഞ്ചായത്ത് ഓഫീസ് സംവിധാനം മെച്ചപ്പെടുത്തൽ | New | 100000 |
| 7 | 173 | മിനി കുടിവെള്ള പദ്ധതി- വാർഡ്-16 | New | 1049200 |
| 8 | 183 | ഗവ. എൽ.പി. സ്കൂളിന് അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ | New | 25000 |
| 9 | 220 | ശബരിമല തീർത്ഥാടകർക്ക് സൗകര്യങ്ങൾ ഒരുക്കൽ | SO | 410961 |
| 10 | 222 | ഗ്രാമപഞ്ചായത്ത് ഓഫീസിന്റെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ | SO | 300000 |
| 11 | 223 | ഗ്രാമപഞ്ചായത്ത് ഓഫീസ് മീറ്റിംഗ് ഹാളിലേക്ക് സൗണ്ട് സിസ്റ്റം എൽ.സി.ഡി. പ്രൊജക്ടർ ഭരണ സമിതി അംഗങ്ങൾക്ക് സീറ്റിൽ മൈക്ക് സംവിധാനം ഏർപ്പെടുത്തൽ | SO | 500000 |
| 12 | 224 | ദുരന്ത നിവാരണ പദ്ധതി – ഇ.ആർ.റ്റി. ടീമിന് ആവശ്യമായ സുരക്ഷാ ഉപകരണങ്ങൾ വാങ്ങൽ | SO | 66200 |
| 13 | 225 | ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ പുതുക്കൽ | SO | 70000 |

| | | | | |
|---|---|---|---|---|
| 14 | 226 | ടൂറിസം വികസനം-ഡെസ്റ്റിനേഷൻ ചലഞ്ച്-കഥകളി മ്യൂസിയം സ്ഥാപിക്കുന്നതിനുവേണ്ടി ഡി.പി.ആർ തയ്യാറാക്കൽ, മറ്റ് അനുബന്ധ പ്രവർത്തനങ്ങൾ | SO | 123757 |
| 15 | 227 | ഗ്രാമ പഞ്ചായത്ത് ചുറ്റുമതിൽ നിർമ്മാണം – തുക നൽകൽ | SO | 25000 |
| 16 | 264 | എം.സി.എഫ്; ടേക്ക് എ ബ്രേക്ക് കെട്ടിടങ്ങളുടെ ഇലക്ട്രിഫിക്കേഷൻ | New | 400000 |
| 17 | 273 | ദുരന്ത നിവാരണം പദ്ധതി – ഫൈബർ ബോട്ട് വാങ്ങൽ | New | 125000 |
| 18 | 275 | പ്ലാസ്റ്റിക് പാഴവസ്തു സംസ്കരണ ശാലക്ക് കെട്ടിടനിർമ്മാണം - ജില്ലാ പഞ്ചായത്തിന് വിഹിതം നല്കൽ | New | 200000 |
| 19 | 276 | ശുചിത്വ പദ്ധതി – ഫീകൽ സ്ലഡ്ജ് ട്രീറ്റ്മെൻറ് പ്ലാൻറ് നിർമ്മാണം - വിഹിതം നല്കൽ | New | 100000 |
| 20 | 277 | ഗ്രാമപഞ്ചായത്ത് ഓഫീസ് മീറ്റിംഗ് ഹാൾ ഇലക്ട്രിഫിക്കേഷൻ | New | 150000 |
| 21 | 278 | ശബരിമല തീർത്ഥാടനം-പേരൂർച്ചാൽ പാലത്തിൽ സ്ട്രീറ്റ്ലൈറ്റ് സ്ഥാപിക്കൽ | New | 150000 |
| 22 | 349 | ഐ.എ.സ്.ഒ. നിർവ്വഹണത്തിനാവശ്യമായ അനുബന്ധ സാധനങ്ങൾ വാങ്ങൽ | New | 80000 |
| | | ആകെ | | 4500118 |

മേൽ പ്രോജക്ടുകൾ നടപ്പാക്കാത്തതിന് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.6/19.11.2024) മറുപടി ലഭിച്ചില്ല. അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കാതിരിക്കുന്നത് പ്രോജക്ടുകൾ ആവിഷ്കരിക്കുന്നതിലൂടെ വിഭാവനം ചെയ്തിരുന്ന സേവനങ്ങൾ ജനങ്ങൾക്ക് നിഷേധിക്കുന്നതിന് തുല്യമാണ്. പ്രോജക്ടുകൾ നടപ്പാക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. വിഷയത്തിലേക്കു ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-28 ലൈഫ് ഭവന പദ്ധതിയും ടോയിലറ്റ് റിട്രോഫിറ്റിംഗും - നിർമ്മാണം പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുണം

### 1. ലൈഫ് ഭവന പദ്ധതി – നിർമ്മാണം പൂർത്തീകരിച്ചില്ല

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ ലൈഫ് ഭവന പദ്ധതിയുടെ ഗുണഭോക്താക്കളായ ചുവടെ ചേർക്കുന്ന വ്യക്തികൾ ആദ്യ ഗഡു തുകകൾ കൈപ്പറ്റിയെങ്കിലും നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേരും മേൽവിലാസവും | എഗ്രിമെന്റ് വെച്ച തീയതി | കൈപ്പറ്റിയ തുക | റിമാർക്ക്സ് |
|---|---|---|---|---|
| 1. | ശ്രീമതി ഉഷ, ആലപ്പാട്ട്, വെള്ളിയറ (GEN) | 21-06-18 | 40000 | പണി ആരംഭിച്ചിട്ടില്ല |
| 2. | ശ്രീമതി ലില്ലിക്കുട്ടി, പുത്തൻപറമ്പിൽ, വെള്ളിയറ (GEN) | 02-11-20 | 200000 | ഭിത്തിനിരപ്പ് പണി പൂർത്തിയായി |
| 3. | ശ്രീമതി രാജമ്മ, മലമ്പാറ, കാഞ്ഞീറ്റുകര (SCP) | 28-10-20 | 200000 | അടിത്തറ നിർമ്മാണം പൂർത്തിയാക്കി |
| 4. | ശ്രീ അനീഷ് കൃഷ്ണ, മേലേ കളരിക്കൽ, കോട്ടാത്തൂർ (GEN) | 19-04-23 | 200000 | ഭിത്തിനിരപ്പ് പണി പൂർത്തിയായി |
| 5. | ശ്രീ സുനു മാത്യു, പൂവക്കട, തീയാടിക്കൽ പി.ഓ (GEN) | 25-07-23 | 200000 | ഭിത്തിനിരപ്പ് പണി പൂർത്തികരിച്ചിട്ടില്ല. |
| 6. | ശ്രീമതി പുഷ്പലത, കരിംപ്ലാനിൽ, തീയാടിക്കൽ പി.ഓ (GEN) | 03-04-23 | 300000 | മേൽക്കൂര പൂർത്തികരിച്ചിട്ടില്ല. |
| 7. | ശ്രീ യോഹന്നാൻ ജോസഫ്, തടത്തിൽ, തേക്കുംകൽ പി.ഓ. (GEN) | 16-05-23 | 194593 | ഭിത്തിനിരപ്പ് പണി പൂർത്തിയായി |
| 8. | ശ്രീ അരുൺകുമാർ, ഒറ്റപ്ലാക്കൽ വീട്, കാഞ്ഞീറ്റുകര (SCP) | 20-03-23 | 200000 | ഭിത്തിനിരപ്പ് പണി പൂർത്തിയായി |

**2. ടോയിലറ്റ് റിട്രോഫിറ്റിംഗ് - പണി പൂർത്തീകരിച്ചില്ല**

ടോയ്‌ലറ്റ് റിട്രോഫിറ്റിംഗ് പദ്ധതിയുടെ ഗുണഭോക്താവായ ചുവടെ ചേർക്കുന്ന വ്യക്തി ആദ്യഗഡു തുക കൈപ്പറ്റിയെങ്കിലും പണി പൂർത്തിയാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേരും മേൽവിലാസവും | എഗ്രിമെന്റ് വെച്ച തീയതി | കൈപ്പറ്റിയ തുക |
|---|---|---|---|
| 1 | ശ്രീ മോഹനൻ എം.എസ്, മേലേത്തറയിൽ | 09-01-24 | 5000 |

മേൽ പറഞ്ഞ ഗുണഭോക്താക്കൾ പണി പൂർത്തിയാക്കാത്തതിന്മേൽ സ്വീകരിച്ച നടപടികളുടെ വിവരം ആരാഞ്ഞു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 17/18-11-24), ശ്രീമതി ഉഷ, ശ്രീമതി രാജമ്മ എന്നീ ഗുണഭോക്താക്കൾക്ക് എതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും, ശ്രീമതി ലില്ലിക്കുട്ടി, ശ്രീ അനീഷ് കൃഷ്ണ, ശ്രീ സുനു മാത്യു, ശ്രീ മോഹനൻ എം.എസ് എന്നിവർ ഉടൻതന്നെ നിർമ്മാണം പൂർത്തീകരിക്കുമെന്നും വി.ഇ.ഒ മറുപടി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-29 ലക്ഷങ്ങൾ ചെലവഴിച്ച് നിർമ്മിച്ച ടേക്ക്-എ-ബ്രേക്ക് ടോയ്‌ലറ്റ് സംരക്ഷണമില്ലാതെ നശിക്കുന്നു

പഞ്ചായത്ത് ലക്ഷങ്ങൾ ചെലവഴിച്ച് നിർമ്മാണം പൂർത്തീകരിച്ച ടേക്ക്-എ-ബ്രേക്ക് ടോയ്‌ലറ്റ് സംരക്ഷണമില്ലാതെ നശിക്കുന്നു.

2020-21 വാർഷിക പദ്ധതിയിൽ പ്രത്യേക പരിഗണന നൽകേണ്ട പന്ത്രണ്ടിന പരിപാടിയിൽ ഉൾപ്പെടുത്തി വൃത്തിയും, ശുചിത്വവും, സുരക്ഷിതത്വവുമുള്ള പൊതു ശുചി മുറികളും, 'ടേക്ക് എ ബ്രേക്ക്' വിശ്രമ കേന്ദ്രങ്ങളും പ്രത്യേകിച്ച് സ്ത്രീകൾക്കും, യാത്രക്കാർക്കും ഉപയോഗിക്കാൻ പാകത്തിന് പാതയോരങ്ങൾ, സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളുടെ പരിസരങ്ങൾ എന്നിവിടങ്ങളിൽ നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിന് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും സർക്കാർ നിർദ്ദേശം നൽകിയിരുന്നു [സ.ഉ.(സാധാ.)നം.1401/2020/തസ്വഭവ, തീ. 27.07.2020]. പ്രസ്തുത നിർദ്ദേശം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഗ്രാമപ്പഞ്ചായത്തിന്റെ 2020-21-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 500000 രൂപയും, ജില്ലാ പഞ്ചായത്ത് വിഹിതം 500000 രൂപയും ഉൾപ്പെടെ ആകെ 1000000 ലക്ഷം രൂപ അടങ്കൽ വകയിരുത്തി നടപ്പിലാക്കിയ പദ്ധതിയാണ് അനാഥമായി കിടക്കുന്നത്.

പദ്ധതിയുടെ ഭാഗമായി അയിരൂർ ജംഗ്ഷനിൽ പമ്പ തീരത്ത് റവന്യൂ പുറമ്പോക്ക് ഭൂമിയിൽ 6 ടോയ്‌ലറ്റുകളും, 4 യൂറിനലുകളും ഉൾപ്പടുന്ന ഒരു ടോയ്‌ലറ്റ് കോംപ്ലക്സാണ് നിർമ്മിച്ചത്. ഈ പ്രവൃത്തിക്ക് ആകെ 978565 രൂപയാണ് ചെലവഴിച്ചത്. ഇത് കൂടാതെ 2021-22 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 188771 രൂപ ചെലവഴിച്ച് ടേക്ക്-എ-ബ്രേക്കിന് ചുറ്റുമതിലും നിർമ്മിച്ചിട്ടുണ്ട്. 22.03.22-ൽ ടോയ്‌ലറ്റ് കോംപ്ലക്സിന്റെ നിർമ്മാണം പൂർത്തിയാക്കുകയും, 29.09.2022-ൽ കരാർ സ്ഥാപനമായ റാന്നി താലൂക്ക് ലേബർ കോൺട്രാക്ട് സൊസൈറ്റിയ്ക്ക് ബിൽ തുക നൽകുകയും ചെയ്തു. നിർമ്മാണം പൂർത്തിയാക്കി പേയ്മെന്റ് നൽകിയതല്ലാതെ ഇതിന്റെ പരിപാലനം പഞ്ചായത്ത് ഏറ്റെടുത്തില്ല. നിലവിൽ ടോയ്‌ലറ്റ് കോംപ്ലക്സ് പരിപാലനമില്ലാതെ കാടുകയറിയും, ഉപയോഗിക്കാനാവാത്ത വിധം വൃത്തിഹീനമായ നിലയിലുമാണ്. ടോയ്‌ലറ്റിന്റെ വാതിലുകൾക്കും കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്.



പൊതു ഖജനാവിൽനിന്നും ലക്ഷങ്ങൾ ചെലവഴിച്ച് നിർമ്മിച്ച ടേക്ക്-എ-ബ്രേക്ക് ടോയ്‌ലറ്റ് പരിപാലിക്കാതിരുന്നത് പഞ്ചായത്തിന്റെ ഭാഗത്തു നിന്നുള്ള വീഴ്ചയാണ്. പൊതുപണം ചെലവഴിച്ച് ആർജ്ജിച്ച ഒരു ആസ്തി ഉപയോഗപ്പെടുത്താതിരിക്കുന്നത് ആ ആസ്തി സൃഷ്ടിക്കുന്നതിന് ചെലവഴിച്ച പണത്തിന്റെ ദുർവിനിയോഗത്തിന് തുല്യമാണ്. പൊതുജനത്തിന് ഉപയോഗപ്പെടുന്നവിധം ടേക്ക്-എ-ബ്രേക്ക് പരിപാലിക്കുന്നതിന് പഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-30 ഇലക്ഷൻ ഡെപ്പോസിറ്റ് തനതു ഫണ്ടിലേക്ക് മുതൽക്കൂട്ടിയില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, 144-ാം വകുപ്പ് പ്രകാരം ഇലക്ഷൻ നിക്ഷേപം തിരിച്ചു നൽകുകയോ കണ്ടുകെട്ടുകയോ ചെയ്യണമെന്ന് വ്യവസ്ഥ ചെയ്യുന്നു. തെരഞ്ഞെടുപ്പു ഫലം പ്രഖ്യാപിച്ച ശേഷം 3 മാസത്തിനകം നിക്ഷേപം തിരിച്ചു നൽകേണ്ടതാണ്. സെക്ഷൻ 144(4) പ്രകാരം തിരിച്ചു നൽകാത്ത നിക്ഷേപം പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽകൂട്ടാവുന്നതാണ്. 31-03-2024-ലെ ബാലൻസ് ഷീറ്റ് പ്രകാരം ഇലക്ഷൻ നിക്ഷേപം ഇനത്തിൽ 37554 രൂപ അവശേഷിയ്ക്കുന്നുണ്ട്. തുക പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-31 സ്പിൽ ഓവർ പ്രോജക്റ്റുകൾ ഉപേക്ഷിച്ചു

അസ്സിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായുള്ള ചുവടെ പറയുന്ന മരാമത്ത് പ്രവൃത്തികൾ നിർവ്വഹണം നടത്താതെ ഉപേക്ഷിച്ചു.

| ക്രമ നം | പ്രോജക്ട് നമ്പർ, വർഷം | പ്രോജക്ടിന്റെ പേര് | പദ്ധതി ഉപേക്ഷിച്ച വർഷം | അടങ്കൽ തുക |
|---|---|---|---|---|
| 1. | 52/23 | 81-ാം നമ്പർ അങ്കണവാടിക്ക് ബേബി ഫ്രണ്ട്‌ലി ടോയ്‌ലറ്റ് നിർമ്മാണം | 2023-24 | 100000 |
| 2. | 54/23 | കടയാർകോളനി സൈഡ് വാൾ നിർമ്മാണം വാർഡ് 16 | 2023-24 | 49000 |
| 3. | 42/23 | പട്ടികജാതി പട്ടികവർഗ കോളനികളിൽ ദ്രവമാലിന്യ സംസ്കരണം പദ്ധതി | 2023-24 | 700000 |
| 4. | 258/23 | മുതുപാലക്കൽ കടയാർ നബാർഡ് റോഡിൽ ചരിവുകാലായിൽ പടി സ്റ്റെപ്പ് നിർമ്മാണം വാർഡ്-16 | 2023-24 | 20000 |

മുകളിൽപറഞ്ഞ പ്രവൃത്തികളെല്ലാം 2023-24 വർഷം സ്പിൽ ഓവറാക്കാതെ ഉപേക്ഷിച്ച പ്രവൃത്തികളാണ്. പ്രസ്തുത പ്രവൃത്തികൾ ടെണ്ടർ ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങളും ഉപേക്ഷിക്കാനുള്ള കാരണവും വ്യക്തമാക്കണമെന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി (നം.3/16-11-2024) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. പ്രോജക്ടുകൾ ആവിഷ്കരിക്കുമ്പോൾ അവ സാങ്കേതിക ക്ഷമത ഉള്ളതും, പ്രായോഗികമായി നടപ്പിലാക്കാവുന്നതും ആണെന്ന് ബന്ധപ്പെട്ടവർ ഉറപ്പുവരുത്തേണ്ടതാണ്. വാർഷിക പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കാൻ കഴിയുന്ന പ്രവൃത്തികൾ മാത്രം ഏറ്റെടുക്കുന്ന തരത്തിലേക്ക് പഞ്ചായത്തിലെ ആസൂത്രണ പ്രക്രിയയിൽ അവശ്യമായ മാറ്റം വരുത്തേണ്ടതും, നിർവ്വഹണ ഘട്ടത്തിൽ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെയും, വർക്കിംഗ് ഗ്രൂപ്പിന്റെ കൃത്യമായ ഇടപെടൽ ഉണ്ടാകേണ്ടതുമാണ്.

## 1-32 പ്രത്യേക ഉദ്ദേശ ഗ്രാന്റുകൾ ചെലവഴിക്കാതെ ശേഷിക്കുന്നത് 1.25 കോടി രൂപ

വിവിധ ആവശ്യങ്ങൾക്കായി കേന്ദ്ര/സംസ്ഥാന സർക്കാരുകളും വിവിധ സർക്കാർ ഏജൻസികളും ഗ്രാമപഞ്ചായത്തിനു നൽകിയ ഫണ്ടുകൾ ചെലവഴിച്ചിട്ടില്ല. രേഖകൾ പരിശോധിച്ചതിൽ 1.24 കോടി രൂപയാണ് ഇപ്രകാരം ചെലവഴിക്കാതെ പഞ്ചായത്തിന്റെ അക്കൗണ്ടുകളിൽ സൂക്ഷിക്കുന്നതെന്ന് കണ്ടു. വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | ശേഷിക്കുന്ന തുക |
|---|---|
| പൈക | 30,552 |
| ലൈഫ് - സംസ്ഥാന വിഹിതം | 20,80,000 |
| ഐ.സി.ഡി.എസ്സ്. | 16,01,457 |
| ശബരിമല ഗ്രാന്റ് | 4,41,311 |
| ഹെൽത്ത് ഗ്രാന്റ് ഇൻഫ്രാ സ്ട്രക്ചർ | 88,335 |

| | |
|---|---|
| ഹെൽത്ത് ഗ്രാന്റ് കെട്ടിട നിർമ്മാണം | 56,07,714 |
| ഹെൽത്ത് ഗ്രാന്റ് വെൽനെസ്സ് സെന്റർ | 41,078 |
| ശുചിത്വ മിഷൻ | 20,67,613 |
| സോളിഡ് വേസ്റ്റ് മാനേജ്മെന്റ് | 5,09,801 |
| ആകെ | 1,24,67,861 |

ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം.10/18.11.2024 ) നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല. പഞ്ചായത്ത് ഫണ്ടിൽ ദീർഘകാലമായി നിലനിൽക്കുന്ന ഗ്രാന്റ് തുകകൾ നിർദ്ദിഷ്ട ആവശ്യത്തിന് ചെലവഴിക്കാത്തതു ഓഡിറ്റ് ഗൗരവത്തോടെ വീക്ഷിക്കുന്നു. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഇതു സംബന്ധിച്ച കണക്കുകൾ പ്രതിമാസം അവലോകനം ചെയ്യേണ്ടതും നിർദ്ദേശങ്ങൾ നൽകേണ്ടതുമാണ്.

## 1-33 മാനവമൈത്രി ചതയം ജലോത്സവം -സർക്കാർ അനുമതിയില്ലാതെ തുക ചെലവഴിച്ചു

2023-24 സാമ്പത്തിക വർഷം മാനവമൈത്രി ചതയം ജലോത്സവത്തിനായി പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും 371406 രൂപ ചെലവഴിച്ചിട്ടുണ്ട്. 2011-ലെ കേരള പഞ്ചായത്ത് രാജ് (അസാധാരണ ചെലവുകൾ) ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം എല്ലാ അസാധാരണ ചെലവുകൾക്കും വേണ്ടി ഒരു ഗ്രാമപഞ്ചായത്തിന് ഒരു വർഷം ചെലവാക്കാവുന്ന മൊത്തം തുക മുൻവർഷത്തെ അതിന്റെ മിച്ച ഫണ്ടിന്റെ ഇരുപത് ശതമാനം വരെയും എന്നാൽ ഒരു ലക്ഷം രൂപയിൽ കവിയാതെയും ആയിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ചട്ടം 3(1) പ്രകാരം കലാ-സാംസ്കാരിക മത്സരങ്ങളും, കായിക വിനോദങ്ങളും സംഘടിപ്പിക്കുന്നത് അസാധാരണ ചെലവുകളുടെ ഗണത്തിൽ ഉൾപ്പെടുന്നു. പ്രോജക്ടിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം., പേര് | S0005/24, മാനവമൈത്രി ചതയം ജലോത്സവം |
| അടങ്കൽ | 400000 (തനത് ഫണ്ട്) |
| ചെലവ് | 371406 |
| ബിൽ നം., തീയതി, തുക | 225/ 30-12-2023 – ₹332500 |
| | 196/ 19-12-2023 – ₹13500 |
| | 13/ 17-10-2023 – ₹17500 |
| | 481/ 25-03-2024 – ₹7906 |
| നിർവ്വഹണം | സെക്രട്ടറി |

ആകെ ചെലവഴിച്ച 371406 രൂപയിൽ 332500 രൂപ 19 പള്ളിയോടങ്ങൾക്ക് 17500 രൂപ വീതം ഗ്രാന്റായി നൽകിയതാണ്. അസാധാരണ ചെലവ് സംബന്ധിച്ച ചട്ടത്തിൽ പറഞ്ഞിട്ടുള്ള പരിധിയിൽ അധികമായി പഞ്ചായത്ത് ഫണ്ടിൽനിന്നും ചെലവ് ചെയ്യുന്നതിന് സർക്കാർ അനുമതി വാങ്ങിയിട്ടില്ല. ചട്ട ലംഘനം അനുവദനീയമല്ല. അപാകതയ്ക്ക് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.23/19.11.24) അധികൃതർ മറുപടി ലഭ്യമാക്കിയില്ല. ഭാവിയിൽ ഇക്കാര്യത്തിന് സർക്കാരിൽനിന്നുള്ള മുൻകൂർ അനുമതി വാങ്ങി ചെലവ് ചെയ്യുന്നതിന് അധികൃതർ ശ്രദ്ധിക്കേണ്ടതാണ്.

## 1-34 ഇ-ടെണ്ടർ ഫീസ് പിരിക്കുന്നതിന് അക്കൗണ്ട് അരംഭിച്ചില്ല; 2 ലക്ഷം തിരികെ ലഭിക്കാൻ അവശേഷിക്കുന്നു

പഞ്ചായത്തിൽ ഇ-ടെണ്ടർ ഫീസ് പിരിക്കുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ അക്കൗണ്ട് ആരംഭിച്ചിട്ടില്ല. അസി.എഞ്ചിനീയറുടെ പേരിൽ അക്കൗണ്ട് ഇല്ലാത്തതിനാൽ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലൂടെയാണ് ഇ-ടെണ്ടർ ഫീസ് പിരിച്ചെടുത്തിട്ടുള്ളത്. ഇപ്രകാരം പിരിച്ചെടുത്ത 202008 രൂപ ഓഡിറ്റ് തീയതിവരെ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും പഞ്ചായത്തിന് ലഭിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| വർഷം | പിരിച്ചെടുത്ത തുക |
|---|---|
| 2017-18 | 8850 |
| 2018-19 | 7510 |
| 2019-20 | 14857 |
| 2020-21 | 54121 |
| 2021-22 | 9660 |
| 2022-23 | 18225 |
| 2023-24 | 88785 |
| ആകെ | 202008 |

28-09-2013-ലെ ജി.ഒ.(എം.എസ്) 318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് ജില്ലാപഞ്ചായത്ത് എൽ.എസ്.ജി.ഡി, എക്സി.എഞ്ചിനീയറുടെ പേരിൽ അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് പ്രസ്തുത അക്കൗണ്ടിൽ ഒടുക്കുന്നതിനും നിർദ്ദേശിച്ചിരുന്നു. ഇപ്രകാരം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ വരവ് വന്ന തുകകൾ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വിതരണം ചെയ്യുന്നതിന് വൈഷമ്യം നേരിടുന്നതിനാൽ 02-10-17-ലെ സ.ഉ.(സാധാ)നം.3186/2017/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം ഇ-ടെണ്ടറിന്റെ ആവശ്യത്തിനായി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും എസ്.ബി.ഐ-യിൽ അക്കൗണ്ട് ആരംഭിക്കുന്നതിന് സർക്കാർ അനുമതി നൽകി. എന്നാൽ ഗ്രാമപ്പഞ്ചായത്തിൽ നാളിതുവരെ ഇത്തരത്തിൽ അക്കൗണ്ട് ആരംഭിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (8/16.11.2024) അക്കൗണ്ട് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചതായി അസിസ്റ്റന്റ് എൻജിനീയർ അറിയിച്ചു. അടിയന്തിരമായി അക്കൗണ്ട് ആരംഭിക്കുന്നതിനും IKM-ആയി ബന്ധപ്പെട്ട് അക്കൗണ്ട് ഇ-ടെണ്ടർ സൈറ്റിൽ മാപ്പ് ചെയ്യുന്നതിനും അസിസ്റ്റന്റ് എഞ്ചിനീയർ സത്വര നടപടി സ്വീകരിക്കേണ്ടതാണ്. കൂടാതെ മേൽ കാണിച്ചിരിക്കുന്ന പ്രകാരം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ വരവ് ചേർത്തിട്ടുള്ള തുക പഞ്ചായത്ത് ഫണ്ടിൽ മുതൽകൂട്ടി വിവരം അറിയിക്കേണ്ടതുമാണ്.

## 1-35 തോട് നവീകരണം- ബാലൻസ് തുക മൈനർ ഇറിഗേഷൻ വകുപ്പിൽ നിന്നും ലഭിച്ചില്ല

വലിയതോട്, കുറുമണ്ണിൽ തോട് എന്നീ തോടുകൾ ആഴം കൂട്ടി നവീകരിക്കുന്നതിന് 2023-24 വർഷം പ്രോജക്ട് ഏറ്റെടുത്ത് 544000 രൂപ മൈനർ ഇറിഗേഷൻ വകുപ്പിന് നൽകിയിട്ടുണ്ട്. പ്രോജക്ടിന്റെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം., പേര് | S0265/24, ജൈവവൈവിധ്യ പരിപാലനം - വലിയതോട് കുറുമണ്ണിൽ തോട് പുനരുദ്ധാരണം |
| അടങ്കൽ | 544000 (ബയോ ഡൈവേഴ്സിറ്റി ഫണ്ട്) |
| ചെലവ് | 544000 |
| ചെക്ക് നം, തീയതി, തുക | 6044322, 16.11.23- ₹544000 |

പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) അസിസ്റ്റന്റ് എഞ്ചിനീയർ മൈനർ ഇറിഗേഷൻ സെക്രട്ടറി നൽകിയ 06.10.2023 തീയതിയിലെ എ3-07/2023 നമ്പർ കത്ത് പ്രകാരം വലിയതോട് പുനരുദ്ധാരണത്തിന് പകരമായി പറയൻകാവിൽപടി തോടിന്റെ പുനരുദ്ധാരണം നടത്തുന്നതിന് ആവശ്യപ്പെട്ടിരുന്നു. പ്രോജക്ട് ഭേദഗതി നടത്തുന്നതാണെന്നും കത്തിൽ അറിയിച്ചിരുന്നു. എന്നാൽ പ്രോജക്ട് ഭേദഗതി ചെയ്തിട്ടില്ല.

2) മൈനർ ഇറിഗേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 20.10.2024-ലെ എ1-2383/2024 നമ്പർ കത്ത് പ്രകാരം ആകെ നൽകിയ 544000 രൂപയിൽ 378992 രൂപ പറയൻകാവിൽപടി തോടിന്റെ

പുനരുദ്ധാരണത്തിന് ഉപയോഗിച്ചതായി അറിയിച്ചിട്ടുണ്ട്. ബാക്കി 165008 രൂപ പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല.

മേൽ നിരീക്ഷണങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.32/20.11.24) മറുപടി ലഭിച്ചില്ല. ബാക്കി തുക തിരികെ ലഭിക്കുന്നതിനു നടപടി സ്വീകരിക്കേണ്ടതാണ്.

## 1-36 സി.എച്ച്.സി-യിലേക്ക് വാങ്ങിയ ഉപകരണങ്ങൾ ലഭ്യമായില്ല

2023-24 സാമ്പത്തിക വർഷം S0284/24 നമ്പർ പ്രോജക്ട് പ്രകാരം സി.എച്ച്.സി-യ്ക്ക് ഉപകരണങ്ങൾ വാങ്ങുന്നതിനായി കെ.എം.എസ്.സി.എൽ-ന് പണം നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ ചില ഉപകരണങ്ങൾ ലഭിച്ചിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം., പേര് | S0284/24, ആരോഗ്യ സ്ഥാപനങ്ങളിലെ രോഗനിർണ്ണയ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ |
| അടങ്കൽ | ₹836000 (ഹെൽത്ത് ഗ്രാന്റ്) |
| ചെലവ് | ₹835914 |
| ബിൽ നം | 151/ 27-11-2023 –₹ 278075 |
| | 239/ 12-01-2024 – ₹26515 |

1) ബിൽ 151/27.11.2023 പ്രകാരം മൂന്ന് ഉപകരണങ്ങൾ വാങ്ങുന്നതിനായി കെ.എം.എസ്.സി.എൽ-ന് നൽകിയിരുന്നു. ഇവയിൽ ബൈനോക്കുലർ മൈക്രോസ്കോപ്പ് എന്ന ഉപകരണം ലഭിച്ചിട്ടില്ല. ഇതിന്റെ വില 24545 രൂപയായിരുന്നു.

2) ബിൽ 239/ 12-01-2024 പ്രകാരം യൂറിൻ അനലൈസർ വാങ്ങുന്നതിന് 26515 രൂപ കെ.എം.എസ്.സി.എൽ-ന് നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ ഇത് ലഭിച്ചതായി കാണുന്നില്ല.

മേൽ ഉപകരണങ്ങൾ ലഭിക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.36, 21.11.24) മറുപടി ലഭിച്ചില്ല. ഉപകരണങ്ങൾ ലഭ്യമാക്കി ആയതിന്റെ ഇൻവോയിസ്, സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-37 മെഡിക്കൽ ഓഫീസർ സി.എച്ച്.സി. - നടപ്പിലാക്കാത്ത പ്രോജക്ടുകൾ

2023-24 സാമ്പത്തിക വർഷം മെഡിക്കൽ ഓഫീസർ സി.എച്ച്.സി. നിർവ്വഹണ ഉദ്യോഗസ്ഥനായി ആവിഷ്കരിച്ച ചുവടെ ചേർക്കുന്ന പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടില്ല.

| പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | അടങ്കൽ |
|---|---|---|
| S0231/24 (SO) | ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | 19334 |
| S0272/24 (New) | ഡയാലിസിസ് രോഗികൾക്ക് ചികിത്സാ ധനസഹായം | 450000 |

മേൽ പറഞ്ഞ പ്രോജക്ടുകൾ നടപ്പാക്കാത്തത് സബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.6/19.11.2024) മറുപടി ലഭിച്ചില്ല. പ്രോജക്ടുകൾ നടപ്പാക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. പ്രോജക്ടുകൾ ഏറ്റെടുത്ത ശേഷം ഉപേക്ഷിക്കുന്നത് സ്ഥാപനത്തിന് ലഭിക്കുന്ന ഗ്രാന്റുകൾ ലാപ്സാകുന്നതിന് കാരണമാകും. ആയതിനാൽ ഈ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു.

## 1-38 കാർഷിക മേഖലയിലെ പദ്ധതികൾ - അവലോകനം

കാർഷിക മേഖലയിൽ കൃഷി ഓഫീസർ നിർവ്വഹണം നടത്താൻ ഉദ്ദേശിച്ച് ആവിഷ്കരിച്ച ചുവടെ ചേർക്കുന്ന പദ്ധതികൾ തൻവർഷം നിർവ്വഹണം പൂർത്തിയാക്കി ധനവിനിയോഗം നടത്തിയിട്ടില്ല.

| ക്രമ നം | പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | വകയിരുത്തിയ തുക |
|---|---|---|---|
| 1 | 12 | സുഭിക്ഷ കേരളം - നെൽകൃഷി വികസനം | 300000 |
| 2 | 13 | പച്ചക്കറികൃഷി വികസനം | 150000 |
| 3 | 15 | മഞ്ഞൾ ഇഞ്ചി കൃഷി വികസനം | 235000 |
| 4 | 159 | മഞ്ഞൾ ഇഞ്ചി കൃഷി വികസനം | 250000 |
| 5 | 268 | തരിശു രഹിത കേരളം- കുടുബശ്രീ സംഘകൃഷി- ഗ്രൂപ്പുകൾക്കു വിത്തും ജൈവവളവും | 212500 |
| 6 | 337 | ജെഎൽജി വനിത സംഘകൃഷി | 200000 |

മേൽ പരാമർശിച്ച പദ്ധതികളുടെ നിലവിലെ അവസ്ഥയും, പദ്ധതികൾ നടപ്പിലാക്കാതിരുന്നതിനുള്ള കാരണവും വിശദമാക്കുന്നതിനു ഓഡിറ്റ് എൻക്വയറി (നം.33/21.11.24) നൽകിയിരുന്നു. പച്ചക്കറി കൃഷി വികസനം, മഞ്ഞൾ ഇഞ്ചി കൃഷി വികസനം, എന്നീ പദ്ധതികൾ തൻവർഷം നടപ്പിലാക്കിയതായും, ക്യൂ ബില്ലുകൾ ആയതിനാൽ 2024-25 വർഷം ചെലവു രേഖപ്പെടുത്തിയതായും, തരിശു രഹിത കേരളം - കുടുബശ്രീ സംഘകൃഷി - ഗ്രൂപ്പുകൾക്കു വിത്തും ജൈവവളവും, ജെ.എൽ.ജി. വനിത സംഘകൃഷി എന്നീ പദ്ധതികൾ ഗുണഭോക്താക്കളുടെ അഭാവവും, ഗുണഭോക്തൃവിഹിതം മുടക്കുന്നതിലുള്ള താല്പര്യമില്ലായ്മയും കാരണം നടപ്പിലാക്കാൻ സാധിച്ചില്ലെന്നും മറുപടി നൽകി. വരും വർഷങ്ങളിൽ മേൽ പറഞ്ഞ വസ്തുതകൾകൂടി കണക്കിലെടുത്ത് പദ്ധതികൾ ആവിഷ്കരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

നെൽകൃഷി വികസനത്തിനായി ആവിഷ്കരിച്ച പദ്ധതിയിൽ 10 ഹെക്ടർ സ്ഥലത്തു കൃഷി ചെയ്യുന്നതിനുള്ള വിത്ത്, കൂലി ചെലവ് എന്നവ ഉൾപ്പെടുത്തിയിരുന്നു. പഞ്ചായത്തു പരിധിയിലുള്ള പാടശേഖരങ്ങളുടെ വിവരം, അവയുടെ വിസ്തൃതി, തരിശു കിടക്കുന്ന വിസ്തൃതി, 2023-24 വർഷം കൃഷി നടത്തിയ വിസ്തൃതി (ഡിപ്പാർട്ടുമെന്റ് പദ്ധതി ഉൾപ്പെടെ) എന്നീ വിവരങ്ങൾ ലഭ്യമാക്കുന്നതിനും, നെൽകൃഷി വികസന പദ്ധതികൾ നടപ്പിലാക്കാൻ സാധിക്കാത്തതിനു പ്രത്യക കാരണങ്ങൾ ഉണ്ടെങ്കിൽ വിശദമാക്കുന്നതിനും ആവശ്യപ്പെട്ടിരുന്നു.

എന്നാൽ പാടശേഖരങ്ങളുടെ വിസ്തീർണ്ണം സംബന്ധിച്ച കൃത്യമായ വിവരം ലഭ്യമല്ലായെന്നും, വിവരം ശേഖരിക്കുന്നതിനായി പാടശേഖര സമിതികളുടെ മീറ്റിംഗ് പല തവണ വിളിച്ച് നിർദ്ദേശം നൽകിയെങ്കിലും പുരോഗതി ഉണ്ടായിട്ടില്ലായെന്നും, നെൽകൃഷി ചെയ്യുന്ന സ്ഥലത്തിന്റെ 'Eye Sketch' ലഭ്യമാക്കാമെന്ന് വില്ലേജ് ഓഫീസർ അറിയിച്ചുവെങ്കിലും ആയതു ലഭ്യമാക്കിയില്ലായെന്നും, ഇക്കാരണത്താൽ സുഭിക്ഷ കേരളം - നെൽകൃഷി വികസനം പദ്ധതി നടപ്പിലാക്കാൻ സാധിച്ചില്ലായെന്നും മറുപടി നൽകി. ഗ്രാമപഞ്ചായത്തിലെ പാടശേഖരങ്ങൾ സംബന്ധിച്ച് അടിസ്ഥാന വിവരങ്ങൾ കൃഷി ഓഫീസിൽ ലഭ്യമല്ലെന്ന വസ്തുത ഗൗരവത്തോടെ കാണേണ്ട വിഷയമാണ്. അടിസ്ഥാന ഡാറ്റായുടെ അഭാവത്തിൽ കൃത്യമായ പദ്ധതി രൂപീകരണം സാധ്യമാകാതെ വരികയും, കാര്യക്ഷമമായ പദ്ധതി നിർവ്വഹണം അസാധ്യമാകുകയും ചെയ്യും.

പാടശേഖര സമിതികളുടെയും, കൃഷി ഓഫീസിന്റെയും, ഭരണസമിതിയുടെയും യോജിച്ചുള്ള ഇടപെടൽ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതുണ്ട്. ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ വിഷയത്തിലേക്കു ക്ഷണിക്കുന്നു.

## 1-39 ലൈബ്രറി സെസ്സ് - 367555 രൂപ ബാധ്യത നിലനിൽക്കുന്നു

ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരം ലൈബ്രറി സെസ്സ് ഇനത്തിൽ 3,67,555 രൂപ ലൈബ്രറി കൗൺസിലിൽ ഒടുക്കുവാൻ ബാക്കിയുണ്ട്. ഇത്

നാളിതുവരെ ഒടുക്കിയിട്ടില്ല.

ലൈബ്രറി സെസ്സ് ശീർഷകത്തിലെ ലെഡ്ജർ പരിശോധിച്ചതിൽ 19.09.2023-ൽ ചെക്ക് നം. 994038/22.08.2023 പ്രകാരം 2022-23-ലെ രണ്ടാം അർദ്ധവർഷ ലൈബ്രറി സെസ്സ് ഇനത്തിൽ 1,63,624 രൂപ ലൈബ്രറി കൗൺസിലിൽ ഒടുക്കിയതായി കാണിച്ചിരിക്കുന്നു. എന്നാൽ ലൈബ്രറി കൗൺസിലിൽനിന്നുള്ള കൈപ്പറ്റ് രേഖ ഫയലിൽ ലഭ്യമല്ല. ലെഡ്ജർ പ്രകാരം ഇതേ തുക 31.03.2024-ൽ വരവ് കാണിച്ചിരിക്കുന്നതായും കണ്ടു. വാർഷിക ധനകാര്യ പത്രിക പ്രകാരം ഒടുക്കുവാൻ ബാക്കിയുള്ള 3,67,555 രൂപ ഏതൊക്കെ അർദ്ധ വർഷങ്ങളിലേതാണെന്ന് പരിശോധിച്ച് നിശ്ചയം വരുത്താൻ സാധിച്ചിട്ടില്ല.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വസ്തുനികുതിയോടൊപ്പം പിരിക്കുന്ന ലൈബ്രറി സെസ്സ് തുകയുടെ ആദ്യ ഗഡു ഏപ്രിൽ 30-നകവും രണ്ടാം ഗഡു നവംബർ 30-നകവുമാണ് അടയ്ക്കേണ്ടത്. ഇതിൽ വീഴ്ച വരുത്തുന്ന പക്ഷം അത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയുടെ വ്യക്തിപരമായ ബാധ്യതയായി കണക്കാക്കുന്നതും ഈ കാലയളവിലെ പലിശ സെക്രട്ടറിയുടെ പക്കൽ നിന്നും ഈടാക്കുന്നതുമാണെന്ന് സർക്കുലർ നമ്പർ 10088/എൽ3/05/ത.സ്വ.ഭ.വ തീയതി 20.09.2015 പ്രകാരം സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്.

ഇത് സംബന്ധിച്ച് വിശദീകരണം ആരാഞ്ഞു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.24/21.11.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. ലൈബ്രറി സെസ്സ് ഇനത്തിൽ പിരിച്ചെടുത്ത തുക സ്റ്റേറ്റ് ലൈബ്രറി കൗൺസലിന്റെ അക്കൗണ്ടിലേക്ക് ഒടുക്കി, വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-40 മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം - അവലോകനം

അസി.എഞ്ചിനീയറുടെ നിർവ്വഹണ ചുമതലയിൽ ആവിഷ്കരിച്ച 122 പ്രോജക്ടുകളിൽ 32 എണ്ണം മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്. 3.59 കോടി രൂപ അടങ്കൽ വകയിരുത്തിയതിൽ 56.37 ലക്ഷം രൂപ മാത്രമേ ചെലവഴിക്കാൻ കഴിഞ്ഞിട്ടുള്ളൂ. മരാമത്ത് പ്രവൃത്തികളുടെ ആസൂത്രണത്തിലും നിർവ്വഹണത്തിലുമുണ്ടായ അപാകതകൾ ചുവടെ ചേർക്കുന്നു.

**ശരിയായ ആസൂത്രണമില്ലാതെ പ്രോജക്ടുകൾ ആവിഷ്കരിക്കുന്നു**

സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി പ്രോജക്ട് തയ്യാറാക്കാത്തതിനാൽ നടപ്പിലാക്കാൻ കഴിയുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

**പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പിലാക്കുന്നില്ല**

അംഗീകരിച്ച പ്രോജക്ടിലെയും, എഗ്രിമെന്റിലെയും സമയക്രമം പാലിച്ച് പദ്ധതികൾ നടപ്പിലാക്കുന്നില്ല. സ്പിൽ ഓവർ പദ്ധതികൾ അവ സ്പിൽഓവർ ആകുന്ന വർഷം തന്നെ നിർവ്വഹണം പൂർത്തിയാക്കണമെന്നാണ് വ്യവസ്ഥ. ഈ വ്യവസ്ഥ പാലിക്കപ്പെടുന്നില്ല. തൻവർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെട്ടിരുന്ന സ്പിൽ ഓവർ പദ്ധതികളിൽ 9 എണ്ണം നടപ്പാക്കിയില്ല.

| പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | നടപ്പിലാക്കാത്തതിന്റെ കാരണം |
|---|---|---|
| 135 | വാളിക്കൽ വരമ്പ് നവീകരണം വാർഡ് 14 | ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല. |
| 356 | മുരുപ്പേൽ തടത്തിൽ നടപ്പാത – സ്റ്റെപ്പ് കെട്ടി കൈവരി നിർമ്മാണം | റോഡ് സംരക്ഷണ ഗ്രാന്റിൽ പുതിയ സ്റ്റെപ്പ് കെട്ടൽ സാദ്ധ്യമല്ലാത്തതിനാൽ പ്രോജക്ട് ഉപേക്ഷിച്ചു |
| 355 | നമ്പാർ റോഡ് മുരുപ്പേൽപ്പടി സ്റ്റെപ്പ് നിർമ്മാണം | റോഡ് സംരക്ഷണ ഗ്രാന്റിൽ പുതിയ സ്റ്റെപ്പ് കെട്ടൽ സാദ്ധ്യമല്ലാത്തതിനാൽ പ്രോജക്ട് ഉപേക്ഷിച്ചു |
| 353 | താഴമൺ കുമ്പളത്തിങ്കൽപ്പടി നടപ്പാത, സ്റ്റെപ്പ് കെട്ട് | റോഡ് സംരക്ഷണ ഗ്രാന്റിൽ പുതിയ സ്റ്റെപ്പ് കെട്ടൽ |

| | | |
|---|---|---|
| | | സാദ്ധ്യമല്ലാത്തതിനാൽ പ്രോജക്ട് ഉപേക്ഷിച്ചു |
| 178 | എം സി എഫ് ഷെഡ് നിർമ്മാണം | സ്ഥലം ലഭ്യമല്ല. |
| 191 | 76-ാം നമ്പർ അങ്കണവാടിക്കെട്ടിട നിർമ്മാണം | വിവിധ ഫണ്ടുകൾ വകയിരുത്തി. ഫണ്ട് ലഭ്യമായില്ല. |

കരാർ വച്ച 53 പ്രവൃത്തികൾ 2023-24 വർഷം നടപ്പിലാക്കിയിട്ടില്ല. ഇതിൽ ഒരെണ്ണം (പ്രോ.നം. 190- വാർഡ് 15 ൽ പുല്ലുവിഴ പാറയിൽ ലൈഫ് പദ്ധതി ഉദ്ഘാടനം ചെയ്ത സ്ഥലത്ത് സംരക്ഷണ ഭിത്തി നിർമ്മാണം) 2022-23 വർഷം കരാർ വച്ചതാണ്. പ്രവൃത്തികൾ പൂർത്തീകരിക്കാത്തത് സംബന്ധിച്ചും, എഗ്രിമെന്റ് വെച്ച ശേഷം പ്രവൃത്തി നടത്താത്ത കരാറുകാർക്കെതിരെ സ്വീകരിച്ച നടപടികൾ സംബന്ധിച്ചും നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.34/21.11.2024) അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി ലഭ്യമാക്കിയില്ല.
പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കാത്ത പക്ഷം വകയിരുത്തിയ ഫണ്ട് ചെലവഴിക്കപ്പെടാനാവാതെ ലാപ്സാകുന്നതിനും, വരും വർഷങ്ങളിൽ ഫണ്ട് ഫണ്ട് ഷോർട്ട്ഫാൾ ഉണ്ടാകാനും ഇടയാകും.

**ആസ്തികളുടെ ഡിജിറ്റിലൈസേഷൻ പൂർത്തിയാക്കിയിട്ടില്ല**

പഞ്ചായത്തിൽ റോഡ് കണക്റ്റിവിറ്റി മാപ്പിംഗ് നടത്തുന്നതിന്റെ ഭാഗമായി 2023-24 വാർഷിക പദ്ധതിയിൽ പ്രോജക്ട് നം.197 പ്രകാരം 28000 രൂപ വകയിരുത്തി പ്രോജക്ടിന് അംഗീകാരം വാങ്ങിയിരുന്നു. ഈ പ്രോജക്ട് പ്രകാരം ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള റോഡ് ആസ്തികൾ ഡിജിറ്റലൈസ് ചെയ്ത് കാലികമാക്കുന്നതിനായുള്ള R-Track പദ്ധതി പൂർത്തീകരിച്ച് 2024-25 വർഷം കമ്മിറ്റിയുടെ അംഗീകാരം വാങ്ങിയതായി അസിസ്റ്റന്റ് എൻജിനീയർ അറിയിച്ചു. റോഡിതര ആസ്തികളുടെ ഡിജിറ്റലൈസേഷൻ പൂർത്തിയാക്കിയിട്ടില്ല.

മെയിന്റനൻസ് ഫണ്ടും, ലഭ്യമാക്കാൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി തദ്ദേശഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കണമെന്ന് പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുണ്ട്. ഓഡിറ്റ് വർഷം സ്ഥാപനത്തിൽ ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല.

**പ്രോജക്ടുകളുടെ ബാഹുല്യം**

വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വിഭജിച്ച് പ്രോജക്ടുകൾ തയ്യാറാക്കുന്നു. വകയിരുത്തുന്ന ഫണ്ട് കുറയുകയും പ്രോജക്ടുകളുടെ എണ്ണം വർദ്ധിക്കുകുകയും പ്രവൃത്തിയുടെ ഫലപ്രാപ്തി കുറയുകയും ചെയ്യുന്നു. തൻവർഷം ആവിഷ്കരിച്ച പ്രോജക്ടുകളുടെ (വകയിരുത്തിയ ഫണ്ടിന്റെ അടിസ്ഥാനത്തിൽ) വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| ഒരു ലക്ഷത്തിൽ കുറവ് അടങ്കലുള്ള പ്രോജക്ടുകൾ | 14 |
| 1 മുതൽ 2.5 ലക്ഷം വരെ അടങ്കലുള്ള പ്രോജക്ടുകൾ | 55 |
| 2.5 മുതൽ 5 ലക്ഷം വരെ അടങ്കലുള്ള പ്രോജക്ടുകൾ | 34 |
| 5 ലക്ഷത്തിന് മേൽ അടങ്കലുള്ള പ്രോജക്ടുകൾ | 19 |

ചെറുതും ഫലപ്രാപ്തി കുറഞ്ഞതുമായ പ്രോജക്ടുകളും വിഭവങ്ങളുടെ നേരിയ തോതിലുള്ള വിന്യാസവും ഒഴിവാക്കി പ്രോജക്ടുകളുടെ എണ്ണം പരമാവധി കുറയ്ക്കണമെന്നുള്ള സർക്കാർ നിർദ്ദേശം ശ്രദ്ധയിൽപ്പെടുത്തുന്നു.

**മരാമത്ത് പ്രവൃത്തികൾക്ക് മോണിറ്ററിംഗ് ഇല്ല**

പ്രോജക്ട് മോണിറ്ററിംഗ് സംബന്ധമായ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. പ്രോജക്ടുകളിൽ വിഭാവനം ചെയ്യപ്പെട്ട ലക്ഷ്യം നിർവ്വഹണ ഘട്ടത്തിൽ ഗുണമേന്മയോടെ നിറവേറ്റപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനായി മോണിറ്ററിംഗ് നടത്തി മോണിട്ടറിംഗ് റിപ്പോർട്ട് ഫയലിൽ

സൂക്ഷിക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്. പൊതുമരാമത്ത് പണികളുടെ സംക്ഷിപ്ത വിവരം അടങ്ങിയ ഒരു ബോർഡ് അതത് പണിസ്ഥലത്ത് പ്രകടമായി കാണുന്ന തരത്തിലും സ്ഥലത്തും പ്രദർശിപ്പിക്കേണ്ടതും ആ ബോർഡിൽ 1997-ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 17 (3) പ്രകാരമുള്ള പ്രവൃത്തികളുടെ വിവരങ്ങളായ പ്രവൃത്തിയുടെ പേര്, വർഷം, ചെലവഴിച്ച തുക, ഫണ്ടിന്റെ ഇനം, തദ്ദേശ ഭരണ സ്ഥാപനത്തിന്റെ പേര് എന്നിവ ഡിസ്പ്ലേ ബോർഡിൽ രേഖപ്പെടുത്തി പ്രദർശിപ്പിക്കേണ്ടതുമാണ്. ചില പ്രോജക്ടുകളിൽ ബോർഡ് സ്ഥാപിച്ചിട്ടുണ്ടെങ്കിലും എല്ലാ പ്രവൃത്തികളിലും ബോർഡ് സ്ഥാപിക്കുന്നതിന് തുക ചെലവഴിച്ചിട്ടില്ല. ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്.

**<u>രജിസ്റ്ററുകളുടെയും രേഖകളുടെയും സൂക്ഷിപ്പ്</u>**

അസി.എഞ്ചിനീയർ രജിസ്റ്ററുകളും രേഖകളും ശരിയായ രീതിയിൽ സൂക്ഷിക്കുന്നില്ല.

I) എഗ്രിമെന്റ് രജിസ്റ്റർ : എഗ്രിമെന്റ് രജിസ്റ്ററിലെ എല്ലാ കോളങ്ങളിലും കൃത്യമായ രേഖപ്പെടുത്തൽ വരുത്തുന്നില്ല. പ്രവൃത്തികളുടെ പൂർത്തീകരണ കാലയളവ് രേഖപ്പെടുത്തുന്നില്ല.

Ii) ടെണ്ടർ രജിസ്റ്റർ : ടെണ്ടർ അംഗീകരിച്ചുകൊണ്ടുള്ള കമ്മിറ്റി തീരുമാനങ്ങളുടെ വിവരം രേഖപ്പെടുത്തുന്നില്ല.

പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ടും സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായും മാത്രം പ്രോജക്ടുകൾ ആവിഷ്കരിക്കുന്നതിനും നിർവ്വഹിക്കപ്പെടുന്ന പ്രോജക്ടുകളുടെ ഫലപ്രാപ്തി ഉറപ്പുവരുത്തുന്നതിനും ശ്രദ്ധിക്കേണ്ടതാണ്. വിഷയത്തിൽ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

## <u>1-41 ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - മാലിന്യ സംസ്കരണം ഹരിതകർമ്മ സേനയിലൂടെ - അവലോകനം</u>

നവകേരള കർമ്മ പദ്ധതിയുടെ ഭാഗമായി സംസ്ഥാനം ഏറ്റെടുത്തിട്ടുള്ള സുസ്ഥിര വികസന ലക്ഷ്യങ്ങളായ പാർപ്പിടം, കുടിവെള്ളം, മാലിന്യ സംസ്കരണം, പൊതുജനാരോഗ്യം, പരിസ്ഥിതി സംരക്ഷണം തുടങ്ങിയ മേഖലകളിൽ ഗ്രാമപ്പഞ്ചായത്ത് വിവിധ പ്രോജക്ടുകളിലൂടെ ശ്രദ്ധേയമായ നേട്ടങ്ങൾ ഇതിനോടകം കൈവരിച്ചിട്ടുണ്ട്. കേരള പഞ്ചായത്ത് രാജ് ആക്ടിലെ സെക്ഷൻ 166-ന് കീഴിലുള്ള മൂന്നാം പട്ടികയിൽ പ്രതിപാദിക്കുന്ന, ഗ്രാമപ്പഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിൽ ഉൾപ്പെട്ട വിഷയമാണ് മാലിന്യ സംസ്കരണം. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 219 (എ) മുതൽ (എസ്) വരെയുള്ള വകുപ്പുകൾ പ്രകാരം മാലിന്യം നിർമാർജ്ജനം ചെയ്യുന്നതിൽ പഞ്ചായത്തിന്റെയും മാലിന്യ ഉൽപ്പാദകരുടെയും ചുമതലകൾ നിർവ്വചിച്ചിട്ടുണ്ട്. മുൻകാലങ്ങളിൽ നിരത്തുകൾ വൃത്തിയാക്കുന്നതിൽ മാത്രം ഒതുങ്ങി നിന്നിരുന്ന മാലിന്യ സംസ്കരണ നടപടികൾ നിലവിൽ അവയുടെ ഉറവിടങ്ങളിലേക്ക് എത്തി ശാസ്ത്രീയമായി സംസ്കരിച്ച് പരിസ്ഥിതിയ്ക്ക് അനുയോജ്യമായ രീതിയിൽ പരിപാലിയ്ക്കുന്ന നിലയിലേയ്ക്ക് എത്തിച്ചേർന്നിട്ടുണ്ട്. “എന്റെ മാലിന്യം എന്റെ ഉത്തരവാദിത്തം” എന്ന മുദ്രാവാക്യം ജനങ്ങളിൽ മാലിന്യ സംസ്കരണത്തിന്റെ അനിവാര്യത ബോധ്യപ്പെടുത്തുന്നതിൽ ഏറെ സഹായകരമായിട്ടുണ്ട്.

മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പദ്ധതികളുടെ ഫയലുകൾ, ഓഡിറ്റ് എൻക്വയറിക്ക് (നം.02/04.11.2024) മറുപടിയായി പഞ്ചായത്ത് സമർപ്പിച്ച വിവരങ്ങൾ, മാലിന്യ ശേഖരണവുമായി ബന്ധപ്പെട്ട അടിസ്ഥാന സൗകര്യങ്ങളുടെ പരിശോധന എന്നിവയുടെ അടിസ്ഥാനത്തിൽ ഹരിതകർമ്മ സേനയുടെ പ്രവർത്തനം വിശകലം ചെയ്തതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**1) <u>ഹരിതകർമ്മ സേന-അടിസ്ഥാന വിവരങ്ങൾ</u>**

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 12.08.2020-ലെ ജി.ഒ.(ആർ.ടി.)നം.1496/2020/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം രൂപീകൃതമായ ഹരിതകർമ്മ സേനയുടെ പ്രവർത്തനങ്ങൾ മാലിന്യ സംസ്കരണ മേഖലയിൽ വിപ്ലവകരമായ മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളത്. മാലിന്യത്തെ വരുമാനം ആക്കി മാറ്റുക എന്ന ലക്ഷ്യത്തോടെയാണ് ഹരിതകർമ്മ സേന രൂപീകരിക്കപ്പെട്ടിട്ടുള്ളത്. സംസ്ഥാനത്തിന്റെ സാഹചര്യത്തിന് അനുസൃതമായി മാലിന്യ ശേഖരണവും സംസ്കരണവും വികേന്ദ്രീകരിക്കുകയും അതോടൊപ്പം അതിൽ നിന്ന് വരുമാനം

ഉണ്ടാക്കുകയും ചെയ്യുക എന്നതാണ് അടിസ്ഥാന ലക്ഷ്യം. ഈ ലക്ഷ്യം മുൻനിർത്തി അയിരൂർ ഗ്രാമപ്പഞ്ചായത്തിൽ രൂപീകരിച്ചിട്ടുള്ള ഹരിതകർമ്മ സേനയിൽ 32 അംഗങ്ങളാണുള്ളത്. സ്മാർട്ട് ഗാർബേജ് ആപ്പ് മുഖേന മാലിന്യ ശേഖരണത്തിൽ സാങ്കേതിക വിദ്യയുടെ വിന്യാസവും സാധ്യമാക്കിയിട്ടുണ്ട്. വീടുകളിൽനിന്നും 50 രൂപ നിരക്കിലും, സ്ഥാപനങ്ങളിൽ നിന്നും 100 രൂപ നിരക്കിലും യൂസർഫീ ഈടാക്കി വീടുകളിൽ നിന്നും, വ്യാപാര സ്ഥാപനങ്ങളിൽ നിന്നും അജൈവ മാലിന്യങ്ങൾ (പ്ലാസ്റ്റിക്, കുപ്പിച്ചില്ല്, റബ്ബർ ഉത്പന്നങ്ങൾ മുതലായവ) ശേഖരിച്ച് മിനി എം.സി.എഫുകളിൽ തരംതിരിച്ച് സൂക്ഷിക്കുകയും തുടർന്ന് മെയിൻ എം.സി.എഫിൽ എത്തിച്ച് ക്ലീൻ കേരള കമ്പനിക്ക് കൈമാറുകയും ചെയ്യുന്നു. 16 വാർഡുകൾ ഉൾക്കൊള്ളുന്ന ഗ്രാമപ്പഞ്ചായത്തിൽ ആകെ 21,797 ജനങ്ങൾ താമസിക്കുന്നുണ്ട്. നിലവിൽ 5857 വീടുകളും 638 വാണിജ്യ സ്ഥാപങ്ങളുമാണ് പഞ്ചായത്ത് പരിധിയിലുള്ളത്. ഹരിതകർമ്മ സേനയുടെ സേവനം ഉപയോഗപ്പെടുത്തുന്ന 5452 വീടുകളും 512 വാണിജ്യ സ്ഥാപങ്ങളുമാണുള്ളത്. 16 വാർഡുകളിലേക്കായി 32 ഹരിതകർമ്മ സേനാംഗങ്ങൾ മാലിന്യ സംസ്കരണത്തിൽ പങ്കാളികളാകുന്നു. യൂസർ ഫീസിനത്തിൽ 1351260 രൂപ പിരിച്ചെടുത്തിട്ടുണ്ട്. ഹരിത മിത്രം സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് ആപ്ലിക്കേഷൻ വിന്യസിക്കുന്നതിന്റെ ഭാഗമായി ആൾത്താമസമുള്ള എല്ലാ വീടുകളിലും, വാണിജ്യ സ്ഥാപങ്ങളിലും ക്യു.ആർ. സ്കാൻ കോഡ് പതിപ്പിച്ചിട്ടുണ്ട്.

കഴിഞ്ഞ വർഷങ്ങളിൽ ഹരിതകർമ്മ സേനയുടെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ നടപ്പിലാക്കിയ പ്രോജക്കുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | പ്രോജക്റ്റ് നം, പേര് | അടങ്കൽ | ചെലവ് |
|---|---|---|---|
| 2020-21 | ഹരിതകർമ സേന - വി.ജി.എഫ് | 100000 | 6208 |
| | ഗാർഹിക ജൈവ മാലിന്യ പരിപാലനം – കിച്ചൺ ബിൻ | 20500 | 9963 |
| | കളക്ടേഴ്സ് സ്കൂൾ (സ്പിൽ ഓവർ) | 254000 | 33920 |
| 2021-22 | ഹരിതകർമ സേന – സുരക്ഷാ ഉപകരണങ്ങൾ | 24720 | 2472000 |
| 2022-23 | കളക്ടേഴ്സ് സ്കൂൾ (സ്പിൽ ഓവർ) | 220080 | 135680 |
| | ഹരിതകർമ്മ സേന – പ്രവർത്തനം മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച് | 100000 | 10974 |
| | ഗാർഹിക ജൈവ മാലിന്യ പരിപാലനം – കിച്ചൺ ബിൻ (സ്പിൽ ഓവർ) | 1107 | 1107 |
| 2023-24 | ഗാർഹിക ശുചിത്വ പദ്ധതി - ജിബിൻ | 795500 | 708675 |
| | ഹരിതകർമ സേനക്ക് സൗകര്യം ഒരുക്കൽ | 50000 | 41480 |
| | ഹരിതകർമ്മ സേന പ്രവർത്തനം മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച് | 89026 | 37878 |
| | സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സിസ്റ്റം | 250000 | 7425 |

**2) <u>മാലിന്യശേഖരണത്തിലെ കാര്യക്ഷമത</u>**

മാലിന്യ ശേഖരണത്തിനായി കലണ്ടർ മുൻകൂട്ടി തയ്യാറാക്കുകയും, ഷെഡ്യൂൾ പ്രകാരം മാലിന്യ ശേഖരണം നടത്തുകയും ചെയ്യുന്നുണ്ട്. മാലിന്യ നിയന്ത്രണത്തിൽ ഓരോ ഭവനത്തെയും സ്ഥാപനത്തെയും പങ്കാളിയാക്കാൻ കെൽട്രോൺ സഹായത്തോടെ 5857 വീടുകളിലും 638 വാണിജ്യ സ്ഥാപങ്ങളിലും QR കോഡ് പതിപ്പിച്ച് മാലിന്യ ശേഖരണത്തിന്റെ പുരോഗതി മൊബൈൽ ആപ്പ് വഴി വിലയിരുത്തുന്നു. സർട്ടിഫിക്കറ്റുകളുടെ ആവശ്യത്തിനായി യൂസർഫീ കാർഡ് നിർബന്ധമാക്കുകയും ചെയ്തിട്ടുണ്ട്. ജൈവമാലിന്യങ്ങൾ ഉറവിടത്തിൽത്തന്നെ സംസ്കരിക്കുന്നു. നിലവിൽ ഹരിതകർമ്മ സേന ശേഖരിക്കുന്ന പുനരുപയോഗ സാധ്യതയുള്ള മാലിന്യങ്ങൾ ക്ലീൻ കേരള കമ്പനിക്ക് കൈമാറുകയാണ് ചെയ്യുന്നത്. എല്ലാ പൊതു

പരിപാടികളിലും ഹരിതകർമ്മ സേനയെക്കുറിച്ചും മാലിന്യ സംസ്കരണത്തെക്കുറിച്ചും ബോധവൽക്കരണം നടത്തി ജനകീയ പങ്കാളിത്തം ഉറപ്പാക്കാൻ പഞ്ചായത്ത് ശ്രദ്ധിച്ചിട്ടുണ്ട്.

**3) മാലിന്യ വേർതിരിവ് പാലിക്കൽ**

ശേഖരിക്കുന്ന മാലിന്യങ്ങൾ ഉറവിടത്തിൽ സംസ്കരിക്കുന്നതിന്റെ ഭാഗമായി വീടുകളിലും സ്ഥാപനങ്ങളിലും ബയോബിൻ, കമ്പോസ്റ്റ് കുഴി എന്നീ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഉറവിടത്തിൽ സംസ്കരിക്കാൻ കഴിയുന്ന മാലിന്യങ്ങൾ ഹരിതകർമ്മ സേന ശേഖരിക്കുന്നില്ല. ഉറവിട മാലിന്യ സംസ്കരണത്തെ പ്രോത്സാഹിപ്പിക്കുന്നുണ്ട്.

**4) റീസൈക്ലിംഗ്**

പുനരുപയോഗ സാധ്യതയുള്ള വസ്തുക്കൾ ഉപയോഗിക്കുന്നത് വഴി പാരിസ്ഥിതിക ആഘാതം കുറയ്ക്കുന്നത് സംബന്ധിച്ച് ബോധവത്കരണം നൽകിയിട്ടുണ്ട്. തുണിപോലുള്ള പാഴ്വസ്തുക്കളിൽനിന്നും ഉപയോഗമുള്ള സാധനങ്ങളായ ചവിട്ടി, മെത്ത, തുണി സഞ്ചി എന്നിവ നിർമ്മിക്കുന്നതിനുള്ള പരിശീലനം നൽകിയെങ്കിലും തുണി സഞ്ചി നിർമ്മിച്ച് വിൽക്കുന്നതിനുള്ള സംരംഭം നാളിതുവരെ ആരംഭിച്ചിട്ടില്ല. പുനരുപയോഗ സാധ്യതയുള്ള വസ്തുക്കൾ ക്ലീൻ കേരള കമ്പനിക്ക് കൈമാറുന്നു.

**5) കമ്മ്യൂണിറ്റി എൻഗേജ്മെന്റ്**

എല്ലാ വാർഡുകളിലും മഴക്കാലപൂർവ്വ ശുചീകരണം, ആശാ പ്രവർത്തകർ, വാർഡ്തല ശുചിത്വ സമിതി, ഹരിതകർമ്മ സേന, മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി തൊഴിലാളികൾ എന്നിവരും, സന്നദ്ധ പ്രവർത്തകരും ചേർന്ന് സംയുക്തമായി നടത്തി. മാലിന്യ സംസ്കരണ രീതികളെക്കുറിച്ച് ബോധവൽക്കരിക്കുന്നതിന്റെ ഭാഗമായി 2023 നവംബർ 14-ന് കുട്ടികളുടെ ഹരിതസഭ, വാർഡ്തല ശുചിത്വസഭ എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്. ഒക്ടോബർ 2, ഗാന്ധി ജയന്തി വാരാഘോഷത്തോട് അനുബന്ധിച്ച് മാലിന്യ സംസ്കരണം നടത്തിയിട്ടുണ്ട്. കൂടാതെ വിവിധ കാലയളവുകളിൽ മാലിന്യമുക്തം നവകേരളം പദ്ധതിയുമായി ബന്ധപ്പെട്ട് ക്ലീൻ ഡ്രൈവ് നടത്തിയിട്ടുമുണ്ട്.

**6) തൊഴിൽ സൃഷ്ടിക്കൽ**

ഹരിതകർമ്മ സേനാംഗങ്ങളായി നിലവിൽ 32 പേരാണുള്ളത്. മാസത്തിലെ ആദ്യ 15 ദിവസങ്ങൾ മാലിന്യം തരംതിരിക്കുന്ന ജോലിയിലും, ശേഷിക്കുന്ന ദിനങ്ങൾ മാലിന്യ ശേഖരണത്തിലും അംഗങ്ങൾ ഏർപ്പെടുന്നു. ശുചീകരണത്തിന് ഗ്രാമപ്പഞ്ചായത്ത് തലത്തിൽ പ്രത്യേകമായി തൊഴിലാളികൾ ഇല്ല. ജില്ലാപഞ്ചായത്തിൽ നിന്നും ഇലക്ട്രിക്ക് ആപ്പേ വാഹനം ലഭ്യമാക്കിയിട്ടുണ്ട്. ആയതിന് കരാർ അടിസ്ഥാനത്തിൽ ഡ്രൈവറെ നിയമിച്ചിട്ടുണ്ട്. ഹരിതകർമ്മ സേനാംഗങ്ങളുടെ വരുമാന വർദ്ധനവിനായി ജൈവ മാലിന്യ സംസ്കരണ/ജൈവ വള നിർമ്മാണ പ്ലാന്റുകൾ നിർമ്മിച്ചിട്ടില്ല.

ഹരിതകർമ്മ സേനയുടെ പ്രവർത്തനങ്ങളും സാമ്പത്തിക ഇടപാടുകൾ നിയന്ത്രിക്കുന്നതിനുമായി ഹരിതകർമ്മ കൺസോർഷ്യം നിലവിലുണ്ട്. ഇതിനായി ഇൻഡ്യൻ ഓവർസീസ് ബാങ്ക് ആയിരൂർ ശാഖയിൽ 037401000017501 നമ്പരായി അക്കൗണ്ട് തുടങ്ങുകയും അതിലൂടെ ഇടപാടുകൾ നടത്തുകയും ചെയ്യുന്നു. 2023-24 സാമ്പത്തിക വർഷം 13.51 ലക്ഷം രൂപ യൂസർഫീ ഇനത്തിൽ വരുമാനം ലഭിച്ചിട്ടുണ്ട്. നിലവിൽ ഈ അക്കൗണ്ടിൽ 223095 രൂപ നീക്കിയിരുപ്പുണ്ട്. ഓരോ സേനാംഗത്തിനും 7000 മുതൽ 8000 രൂപ വരെ ശരാശരി വേതനം ലഭിക്കുന്നുണ്ട്. അംഗങ്ങളുടെ വരുമാന വർദ്ധനവിനും ജീവിത നിലവാരം ഉയരുന്നതിനും ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾ സഹായകരമായിട്ടുണ്ട്.

**7) അടിസ്ഥാന സൗകര്യ വികസനം**

ഖരമാലിന്യ സംസ്കരണത്തിന്റെ ഭാഗമായി നിലവിൽ 2 എം.സി.എഫ്, 31 മിനി എം.സി.എഫുകൾ എന്നിവയാണുള്ളത്. ഹരിതകർമ്മ സേനയ്ക്ക് മാലിന്യ നീക്കത്തിന് വാഹനം വാങ്ങി നൽകിയിട്ടുണ്ട്. ഹരിതകർമ്മ സേന ശേഖരിക്കുന്ന മാലിന്യം മിനി എം.സി.എഫുകളിൽ ശേഖരിച്ച് എം.സി.എഫിൽ എത്തിക്കുകയും തുടർന്ന് ക്ലീൻ കേരള കമ്പനിക്ക് കൈമാറുകയുമാണ് ചെയ്യുന്നത്. നിലവിൽ രണ്ട് എം.സി.എഫുകൾ ഉണ്ട്. ഇവ വാടകക്ക് എടുത്തവയാണ്. പഞ്ചായത്ത് സ്വന്തമായി ഞൂഴൂർ എന്ന സ്ഥലത്ത് ഒരു എം.സി.എഫ്

നിർമ്മിച്ചിട്ടുണ്ടെങ്കിലും ചെറിയ വാഹനത്തിന് എത്തിപ്പെടാൻ ബുദ്ധിമുട്ടുള്ള വിധം ഉയർന്ന സ്ഥലം ആയതിനാൽ നിലവിൽ ആയത് അടച്ചിട്ടിരിക്കുകയാണ്. എം.സി.എഫുകളിൽ സൂക്ഷിച്ചിരിക്കുന്ന മാലിന്യങ്ങൾ ക്ലീൻകേരള കമ്പനി യഥാസമയം കൊണ്ടുപോകുന്നില്ല. രണ്ട് എം.സി.എഫുകളിലും മാലിന്യങ്ങൾ കുന്നുകൂടി കിടക്കുന്നു. രണ്ട് എം.സി.എഫുകളും കാടുകയറിയ നിലയിലാണ്. മാലിന്യങ്ങൾ നിശ്ചിത ഇടവേളകളിൽ നീക്കംചെയ്യുന്നതിന് ക്ലീൻ കേരള കമ്പനിയുമായി ബന്ധപ്പെട്ട് പഞ്ചായത്ത് ക്രമീകരണം ചെയ്യേണ്ടത് അനിവാര്യമാണ്.



**എം.എസ്.എഫ്-കളിൽ മാലിന്യം കുന്നുകൂടി കിടക്കുന്നു**

**8) <u>പാരിസ്ഥിതിക ആഘാതം</u>**

പാരിസ്ഥിതിക ആഘാതം കുറയ്ക്കുന്നതിന്റെ ഭാഗമായി 24.03.2023-ലെ ഡബ്ല്യു.എം.1/37/2023/ തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം പഞ്ചായത്ത് പരിധിയിൽ അനധികൃതമായി മാലിന്യങ്ങൾ വലിച്ചെറിയുന്നതിനും, പ്ലാസ്റ്റിക് ഉത്പന്നങ്ങൾ അലക്ഷ്യമായി കൈകാര്യം ചെയ്യുന്നതിന് പിഴ ഈടാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിരോധിത പ്ലാസ്റ്റിക് ഉൽപ്പനങ്ങളുടെ വിൽപ്പന തടയുന്നതിനായി പഞ്ചായത്തിന്റെ വിവിധ വ്യാപാര സ്ഥാപനങ്ങളിൽ എൻഫോഴ്സ്മെന്റ് സ്ക്വാഡ് പരിശോധനകൾ നടത്തി വരുന്നു. പ്ലാസ്റ്റിക് മാലിന്യം വലിച്ചെറിഞ്ഞതിനും ഒറ്റത്തവണ ഉപയോഗത്തിലുള്ള പ്ലാസ്റ്റിക് ക്യാരി ബാഗുകൾ കൈവശം വെച്ചതിനും 4 വ്യക്തികളിൽ നിന്നും 10000 രൂപ പിഴയായി ഈടാക്കിയിട്ടുണ്ട്.

**9) <u>പരിശീലനവും വികസനവും</u>**

ഹരിതകർമ്മ സേനാംഗങ്ങൾക്ക് മാലിന്യ സംസ്കരണത്തിൽ അവരുടെ കഴിവുകളും അറിവും വർദ്ധിപ്പിക്കുന്നതിനും, തുടർച്ചയായ പുരോഗതിയും പ്രൊഫഷണൽ വികസനവും ഉറപ്പാക്കുന്നതിനും, കാലാകാലങ്ങളിൽ സർക്കാർ അനുശാസിക്കുന്ന പരിശീലനങ്ങൾ നല്കി വരുന്നുണ്ട്. എല്ലാ സേനാംഗങ്ങൾക്കും മൂന്ന് ദിവസത്തെ പരിശീലനം കിലയിൽ നിന്നും ലഭ്യമായിട്ടുണ്ട്. സ്മാർട്ട് ഗാർബേജ് ആപ്പിന്റെ പ്രവർത്തനം സംബന്ധിച്ച് കെൽട്രോണും, മാലിന്യം തരംതിരിക്കൽ സംബന്ധിച്ച് ക്ലീൻ കേരള കമ്പനിയും പരിശീലനം നൽകിയിട്ടുണ്ട്.

**10) <u>നിയമങ്ങൾ പാലിക്കൽ</u>**

പഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ള മാലിന്യ സംസ്കരണ ചട്ടങ്ങളും, മാനദണ്ഡങ്ങളും പാലിച്ചാണ് ഹരിതകർമ്മ സേനയുടെ പ്രവർത്തനം നടക്കുന്നത്.

**11) <u>ഹരിതകർമ്മ സേനാംഗങ്ങളുടെ പ്രവർത്തനം</u>**

ഹരിതകർമ്മ സേനാംഗങ്ങളുടെ പ്രവർത്തനം വാർഡുതല ചാർജ്ജ് ഓഫീസർമാരെ നിയോഗിച്ച് മോണിറ്റർ ചെയ്യുന്നുണ്ട്. പഞ്ചായത്ത് തലത്തിൽ ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, കുടുംബശ്രീ അംഗങ്ങൾ, ഹരിതകർമ്മ സേനാംഗങ്ങൾ എന്നിവർ ഉൾപ്പെട്ട വാട്ട്സാപ്പ് ഗ്രൂപ്പ് വഴി ദൈനംദിന പ്രവർത്തനങ്ങൾ വിശകലനം ചെയ്യുന്നുണ്ട്. ഹരിത മിത്രം മൊബൈൽ ആപ്ലിക്കേഷൻ വഴി ഹരിതകർമ്മ സേനാംഗങ്ങളുടെ പ്രവർത്തനം മോണിട്ടർ ചെയ്യുന്നതിനും സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ഒരു ഹെൽത്ത് ഇൻസ്പെക്ടറെ നിയമിച്ചിട്ടില്ല. ചാർജ്ജ് ഓഫീസർമാർ കൃത്യമായ മോണിറ്ററിംഗ് നടത്തേണ്ടതും സേനയുടെ കാര്യക്ഷമത ഉയർത്താൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

**മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (MCF)/ റിസോഴ്സ് റിക്കവറി ഫെസിലിറ്റി(RRF)**

**(1) അടിസ്ഥാന വിവരങ്ങൾ**

ഖരമാലിന്യ സംസ്കരണത്തിന്റെ ഭാഗമായി നിലവിൽ രണ്ട് എം.സി.എഫുകളാണ് പ്രവർത്തന ക്ഷമമമായി ഉള്ളത്. ഇവ രണ്ടും വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഞൂഴൂർ എന്ന സ്ഥലത്ത് ഉപയോഗ്യ ശൂന്യമായിക്കിടക്കുന്ന സ്കൂൾ കെട്ടിടത്തിലും, കാഞ്ഞീറ്റുകര എന്ന സ്ഥലത്തുള്ള കെട്ടിടത്തിലുമാണ് നിലവിൽ എം.സി.എഫുകൾ പ്രവർത്തിക്കുന്നത്. ഈ രണ്ട് എം.സി.എഫുകളിലും ഓഫീസ് സംവിധാനം, ശുചിമുറി, വിശ്രമ മുറി, സേനാംഗങ്ങൽക്ക് വസ്ത്രം മാറുന്നതിനുള്ള സൗകര്യം എന്നിവയൊന്നും തന്നെയില്ല. ചാക്കുകെട്ടുകളിലാക്കി കുന്നുകൂട്ടി ഇട്ടിരിക്കുന്ന തരംതിരിച്ച മാലിന്യങ്ങൾ അടിയന്തിരമായി നീക്കം ചെയ്യുന്നതിനും, ഓഫീസ് സംവിധാനം, ശുചിമുറി, വിശ്രമ മുറി, സേനാംഗങ്ങൾക്ക് വസ്ത്രം മാറുന്നതിനുള്ള സൗകര്യം എന്നിവയോടുകൂടിയ എം.സി.എഫ് നിർമ്മിക്കുന്നതിനും പഞ്ചായത്ത് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

**(2) മാലിന്യ കൈമാറ്റ കാര്യക്ഷമത**

വീടുകളിൽ നിന്ന് പാഴ്വസ്തുക്കൾ എം.സി.എഫിലേക്ക് കൈമാറ്റം ചെയ്യുന്നതിന്റെ കാര്യക്ഷമത പഞ്ചായത്ത് തലത്തിൽ ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, കുടുംബശ്രീ അംഗങ്ങൾ, ഹരിതകർമ്മ സേനാംഗങ്ങൾ എന്നിവർ ഉൾപ്പെട്ട വാട്ട്സാപ്പ് ഗ്രൂപ്പ് വഴി ദൈനംദിന പ്രവർത്തനങ്ങൾ വിശകലനം ചെയ്യുന്നുണ്ട്. വീടുകളിൽ നിന്ന് ശേഖരിക്കുന്ന പാഴ്വസ്തുക്കൾ ഹരിതകർമ്മ സേന എം.സി.എഫിലേക്ക് കൃത്യമായി കൈമാറുന്നുണ്ട്. എന്നാൽ എം.സി.എഫുകളിൽ നിന്നും മാലിന്യങ്ങൾ സമയബന്ധിതമായി നീക്കം ചെയ്യുന്നില്ല.

**(3) മാലിന്യം കൈകാര്യം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ**

തദ്ദേശ സ്വയംഭരണ വകുപ്പ് ഡയറക്ടറുടെ വിവിധ സർക്കുലറുകളിലായി പാഴ്വസ്തു സംഭരണകേന്ദ്രങ്ങളിൽ തീപിടുത്തം ഉൾപ്പെടെയുള്ള അപകടം ഒഴിവാക്കുന്നതിന് പഞ്ചായത്തുകൾ സ്വീകരിക്കേണ്ട നടപടികൾ നിർദ്ദേശിച്ചിട്ടുണ്ട്. പഞ്ചായത്തിലെ എം.സി.എഫുകൾക്ക് 11.10.2021 തീയതിയിലെ നം.4/DC1/202/തസ്വഭവ നമ്പർ സർക്കുലർ പ്രകാരമുള്ള ഫയർ & സേഫ്റ്റി എൻ.ഒ.സി. ലഭിച്ചിട്ടില്ല.

**(4) ശുചിത്വ മാനദണ്ഡങ്ങൾ**

മാലിന്യം തരംതിരിക്കുന്നവേളയിൽ സേനാംഗങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി ഗ്ലൗസ്, മാസ്ക്, ബൂട്ട് എന്നിവ നൽകിയിട്ടുണ്ട്. രണ്ട് എം.സി.എഫു-കളിൽ നിന്നും മാലിന്യങ്ങൾ സമയബന്ധിതമായി നീക്കം ചെയ്യുന്നില്ല. ചാക്കുകെട്ടുകളിലാക്കി മാലിന്യം കുന്നുകൂട്ടി ഇട്ടിരിക്കുന്നതിന് മുകളിലായി കാട് പടർന്നുകിടക്കുന്നതിനാൽ ഇഴജന്തുക്കളുടെ ഉപദ്രവം ഹരിതകർമ്മ സേനാംഗങ്ങൾക്ക് ഉണ്ടാകുവാൻ സാദ്ധ്യതയുണ്ട്. ആയതിനാൽ നിലവിൽ എം.സി.എഫ് ആയി പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ പരിസരം വൃത്തിയാക്കി സൂക്ഷിക്കുന്നതിനും, മാലിന്യങ്ങൾ കൃത്യമായി നീക്കം ചെയ്യുന്നതിനും പഞ്ചായത്ത് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**(6) മാലിന്യം ക്ലീൻ കേരള കമ്പിനിക്ക് കൈമാറുന്നതിലെ കാര്യക്ഷമത**

സർക്കുലർ നം. ഡി.സി.1/282/20/തസ്വഭവ തിയതി 29-07-2020 പ്രകാരം ഹരിത കർമ്മ സേനാംഗങ്ങൾ ശേഖരിക്കുന്ന പാഴ്വസ്തുക്കൾ തരംതിരിച്ച് സൂക്ഷിക്കുന്നതിനും, വിപണനം ചെയ്യുന്നതിനും, ക്ലീൻ കേരളാ കമ്പനിയുടെ സേവനം ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതനുസരിച്ച് സേനാംഗങ്ങൾ ശേഖരിക്കുന്ന മാലിന്യങ്ങൾ തരം തിരിച്ചു MCF-ലേക്ക് കൈമാറ്റം ചെയ്യുന്നുണ്ടെങ്കിലും, ക്ലീൻ കേരള കമ്പനിക്ക് കൃത്യമായി നൽകുന്നില്ല.

**(7) യൂസർ ഫീസ് പിരിവ്**

ഹരിതകർമ്മ സേനയുടെ യൂസർ ഫീസായി വീടുകളിൽ നിന്ന് 50 രൂപയും സ്ഥാപനങ്ങളിൽ

നിന്ന് 100 രൂപയുമാണ് ഈടാക്കുന്നത്. യൂസർ ഫീസിനത്തിൽ 1351260 രൂപ തൻവർഷം പിരിച്ചെടുത്തിട്ടുണ്ട്.

ശുചിത്വ പരിപാലനം ഉറപ്പാക്കുന്നതിൽ ഹരിതകർമ്മ സേനയുടെ സേവനം പൊതുവെ തൃപ്തികരമാണ്. മാലിന്യം അശ്രദ്ധമായി വലിച്ചെറിയുന്നവർക്കെതിരെ കർശന ശിക്ഷാനടപടികൾ സ്വീകരിക്കുന്നത് വഴിയും മാലിന്യ സംസ്കരണത്തെ പ്രോൽസാഹിപ്പിക്കുന്നവർക്ക് പാരിതോഷികങ്ങൾ നൽകുന്നത് വഴിയും മാലിന്യ നിർമാർജ്ജനത്തെ പുതിയ തലത്തിലെത്തിക്കാൻ ഹരിതകർമ്മ സേനയ്ക്ക് കഴിഞ്ഞിട്ടുണ്ട്. പരിസ്ഥിതി സംരക്ഷണത്തിലൂടെ സുസ്ഥിര വികസനത്തിലെത്തുന്നതിന് ഹരിതകർമ്മ സേന അവിഭാജ്യഘടകമാണ്.

**ഓഡിറ്റ് നിർദ്ദേശങ്ങൾ**

. യൂസർ ഫീസ് കുടിശ്ശിക സംബന്ധിച്ച കൃത്യമായ രേഖകൾ സൂക്ഷിക്കേണ്ടതാണ്. യൂസർ ഫീസ് പിരിവ് 100% ആകുന്നതിന്റെ ഭാഗമായി ഈയിനത്തിലെ കുടിശ്ശിക വസ്തു നികുതി കുടിശ്ശികയായി കണക്കാക്കി പിരിച്ചെടുക്കാൻ ഉൾപ്പെടെയുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ഇത്തരം നടപടികൾ സേനാംഗങ്ങൾക്ക് കൂടുതൽ വരുമാനവും ഈ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾക്കും വഴിയൊരുക്കും.

. കുടുംബശ്രീ മുഖേന പാഴ്‌വസ്തുക്കളുടെ റീസൈക്ലിംഗിനും മറ്റുമുള്ള സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള പരിശീലനം, ധനസഹായം എന്നിവ മെച്ചപ്പെട്ട വരുമാനം പ്രദാനം ചെയ്യുന്നതിനായി പരിഗണിക്കാവുന്നതാണ്.

. ശേഖരിക്കുന്ന മാലിന്യങ്ങൾ ഉറവിടത്തിൽ സംസ്കരിക്കുന്നതിന്റെ ഭാഗമായി വീടുകളിലും സ്ഥാപനങ്ങളിലും ബയോബിൻ, കമ്പോസ്റ്റ് കുഴി എന്നീ പദ്ധതികൾ കൂടുതലായി നടപ്പിലാക്കേണ്ടതാണ്.

. എം.സി.എഫ്-ൽ തീപിടുത്തം ഉൾപ്പെടെയുള്ള അപകടം ഒഴിവാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. 11.10.2021-ലെ 4/DC1/2021/തസ്വഭവ നമ്പർ സർക്കുലറിലെ നിർദ്ദേശങ്ങൾ പ്രകാരമുള്ള ഫയർ ആന്റ് സേഫ്റ്റി എൻ.ഒ.സി ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

. മാലിന്യങ്ങൾ വലിച്ചെറിയുന്നത് തടയാൻ സിസിടിവി സംവിധാനം ഉപയോഗപ്പെടുത്താവുന്നതാണ്.

. ഹരിതകർമ്മ സേനാംഗങ്ങൾക്ക് ആരോഗ്യ പരിരക്ഷാ പദ്ധതികൾ, ഇ.എസ്.ഐ സൗകര്യം, നിശ്ചിത കാലയളവിൽ സൗജന്യ ആരോഗ്യ പരിശോധനകൾ എന്നിവ ഉറപ്പു വരുത്താവുന്നതാണ്.

. വിവാഹ സത്ക്കാരങ്ങൾ, ഉത്സവാഘോഷങ്ങൾ എന്നിവ ഹരിത പെരുമാറ്റ ചട്ടം (Green Protocol) പാലിക്കുന്നുവെന്ന് ഉറപ്പുവരുത്താൻ ഹരിതകർമ്മ സേനാംഗങ്ങളുടെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്.

. ഹരിതകർമ്മ സേനാംഗങ്ങളുടെ തൊഴിൽമാന്യത ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ സ്വീകരിക്കേണ്ടതാണ്.

. ഹരിതകർമ്മ സേനാംഗങ്ങൾക്കിടയിലുള്ള പരാതികൾ പരിഹരിക്കുന്നതിന് ഒരു പരാതി പരിഹാര സമിതി രൂപീകരിക്കാവുന്നതാണ്.

. ഹരിതകർമ്മസേനാ പ്രവർത്തനങ്ങൾക്ക് ഈടാക്കുന്ന യൂസർഫീസ് ഒടുക്കാൻ വിസ്സമ്മതിക്കുന്നവർക്കെതിരെ സേവനവിലക്കുൾപ്പടെയുള്ള നടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ സ്വീകരിക്കാവുന്നതാണ്.

. ഹരിതകർമ്മ സേനാംഗങ്ങൾക്ക് വരുമാനദായകമായ സംരംഭങ്ങൾ തുടങ്ങാൻ ധനസഹായം അനുവദിക്കുന്ന പ്രോജക്ടുകൾ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 222117 | 94/24- പാലിയേറ്റീവ് കെയർ പദ്ധതി | 222117 | 0 |
| ,, | 10370 | 230/24 – പാലിയേറ്റീവ് കെയർ പദ്ധതി | 10370 | 0 |
| ,, | 12657 | 31/24 – ക്ഷീര സംഘങ്ങളിൽ പാലളക്കുന്ന ക്ഷീര കർഷകർക്ക് സബ്സിഡി | 12657 | 0 |
| കോയിപ്രം ബ്ലോക്ക് പഞ്ചായത്ത് | 58602 | 162/24 – വന്യമൃഗങ്ങളിൽ നിന്നും കൃഷി സംരക്ഷണം | 58602 | 0 |
| ,, | 45717 | 100/24 – അതിതീവ്ര ദരിദ്രർക്ക് മരുന്നു നൽകൽ | 45717 | 0 |
| ,, | 680000 | 47/24 – ലൈഫ് മിഷൻ ഭവന പദ്ധതി | 680000 | 0 |
| ,, | 580000 | 46/24 – ലൈഫ് മിഷൻ ഭവന പദ്ധത (ജനറൽ) | 580000 | 0 |
| ,, | 87550 | 35/24 – ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന | 87550 | 0 |

| | | | | |
|---|---|---|---|---|
| | | കുട്ടികൾക്ക് സ്കോളർഷിപ്പ് | | |
| ,, | 91396 | 34/24 – അങ്കണവാടി പോഷകാഹാരം | 91396 | 0 |
| ,, | 50000 | 31/24 – ക്ഷീര സംഘങ്ങളിൽ പാലളക്കുന്ന ക്ഷീര കർഷകർക്ക് സബ്സിഡി | 50000 | 0 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്കു നൽകിയ തുകയുടെ വിവരം

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഇല്ല

## 4-4 വായ്പ/വായ്പാ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | 1504115 | 0 | 996555 | | 507560 |

## 4-5 സ്ഥിര നിക്ഷേപം

സ്ഥിര നിക്ഷേപം പുതുക്കിയിട്ടില്ല.

| | |
|---|---|
| വർഷാരംഭത്തിലുണ്ടായിരുന്ന സ്ഥിരനിക്ഷേപം | 162237 |
| തൻവർഷം നിക്ഷേപിച്ച തുക (പലിശ) | - |
| ആകെ | 172377 |
| തൻവർഷം പിൻവലിച്ച തുക | Nil |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 172377 |

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ/ തീയതി |
|---|---|---|---|---|
| 2013-14 & 2014-15 | 3(1) | 22036 | രാജവല്ലി എൻ എസ്സ്, അസിസ്റ്റന്റ് എൻജിനീയർ | 1230501512/24.07.2023 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | 2-2 | 2006-07 | | ജനറൽ പി ഡി അക്കൗണ്ടിൽ നിന്നും ചെലവഴിച്ച 15500 രൂപയുടെ രേഖകൾ ഹാജരാക്കിയിട്ടില്ല | പരാമർശം നിലനിൽക്കുന്നു |
| 2000-01 | 2.4 | 2006-07 | 3.18.1(17) | വൗച്ചറുകൾ (19,405 രൂപയുടെ) ഹാജരാക്കിയില്ല | പരാമർശം നിലനിൽക്കുന്നു |
| 2000-01 | 2.2 | 2006-07 | 3.18.1(17) | വൗച്ചറുകൾ, ഫയലുകൾ മറ്റ് അനുബന്ധ രേഖകൾ ഹാജരാക്കിയില്ല രൂ. 15,500 | ,, |
| 2003-04 | 3-13 | 2006-07 | | എംബ്രോയഡറി യൂണിറ്റുകൾ രൂപീകരിക്കാതെ തയ്യൽ മെഷീനുകൾ വാങ്ങി -നടപടി ക്രമങ്ങൾ പാലിക്കാതെ വാങ്ങൾ നടത്തി | ,, |
| 2013-14 & 2014-15 | 2.1 | 2016-17 | 2-1 (അനുബന്ധം-4) | തൊഴിൽ നികുതി പിരിവിലെ അപാകതകൾ | ,, |
| 2019-20 | 1-24 | 2020-21 | 1-2 (അനുബന്ധം-2) | പാലിയേറ്റീവ് കെയർ പദ്ധതി- മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല | ,, |

## 4-8 ചാർജ്/സർച്ചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | റസീപ്റ്റ് & പേയ്മെന്റ് പ്രകാരം | ഇൻകം & എക്സ്പെൻഡിച്ചർ പ്രകാരം |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 39272242 | 1102537703 |
| | | |

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 39208956 | 111349302 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല | |
| ചെലവിനങ്ങളിലുള്ള നഷ്ടം | 1900 | |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 43753 | |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16(1) | 15887 | സുരേഷ് എ, സെക്രട്ടറി |
| 1-16(2) | 27886 | സുരേഷ് എ, സെക്രട്ടറി |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 1900 | ശ്രീ സുരേഷ് എ, സെക്രട്ടറി |

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ സുരേഷ് എ., സെക്രട്ടറി | ഡെപ്യൂട്ടി സെക്രട്ടറി, ആലപ്പുഴ മുനിസിപ്പാലിറ്റി | പുത്തൻപുരയിൽ (ആതിര), കരൂർ, അമ്പലപ്പുഴ, 688561 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| വർഷം | ഈ വകുപ്പിൽ നിന്നും നടത്തിയ അവസാന കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 2000-01 (ചെലവ്) | ഓഡിറ്റ് അദാലത്ത് റിപ്പോർട്ട് നം. കെ.എസ്.എ.പി.റ്റി.എ.പി1-820(13)/22 തീയതി 17.09.2022 | 2, (2-2,2-4) |
| 2003-04 | ” | 1, (3-13) |
| 2013-14 & 2014-15 | ” | 2, (2-1,3-1) |
| 2015-16 | ” | 1, (3-1) |

| | | |
|---|---|---|
| 2016-17 | ” | 3, (3-10(5), 3-12(2), 3-20) |
| 2019-20 | റെക്റ്റിഫിക്കേഷൻ റിപ്പോർട്ട് നം. കെ.എസ്.എ.പി.റ്റി.എ.പി8-431/22 തീയതി 18.05.2022 | 3, (1-18, 1-19, 1-24) |
| 2020-21 | റെക്റ്റിഫിക്കേഷൻ റിപ്പോർട്ട് നം. കെ.എസ്.എ.പി.റ്റി.എ.പി8-1357/22 തീയതി 03.04.2023 | 4, (1-11, 1-13, 1-16, 1-22) |
| 2021-22 | റെക്റ്റിഫിക്കേഷൻ റിപ്പോർട്ട് നം. കെ.എസ്.എ.പി.റ്റി.എ. പി 8- 1409/2022 തീയതി 20.05.2023 | 17, (1-11, 1-12, 1-13-1, 1-16, 1-18, 1-19, 1-20, 1-21, 1-25, 1-26, 1-27, 1-28, 1-29, 1-34, 1-36, 4-2, 4-7) |
| 2022-23 | റെക്റ്റിഫിക്കേഷൻ റിപ്പോർട്ട് നം. കെ.എസ്.എ.പി.റ്റി.എ.പി8-1066/2023 തീയതി 27/03/2024 | 21, (1-14, 1-15, 1-16, 1-17, 1-20, 1-21, 1-22, 1-24, 1-25, 1-26, 1-27, 1-28, 1-31, 1-32, 1-33, 1-35, 1-36, 1-37, 1-38, 1-40, 3-1) |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട

## Annexure-1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 4 dated 4 dated 12-06-2024 and submitted on 21-06-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the AYIROOR Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of AYIROOR Grama Panchayat as on 31-03-2024

**Date: 05/12/2024** **Deputy Director**

**Kerala State Audit Department**

## Audit Report appended to the Audit Certificate of AYIROOR Grama Panchayat for the Year 2023-2024.

### 1.Major Observations

1. The asset value shown in the balance sheet is not traceable to the asset register due to the unsupported design of the
existing asset register.

### 2.Other Observations

1. The Cash Flow Statement - The net increase in cash flow does not match with the difference between the opening balance and closing balance of cash and cash equivalents.
2. The mandatory financial statements, such as notes on account and ratios prescribed in accounting rules, are not submitted for audit.
3. Lapses in making timely and accurate demand entries in respect of tax and non-tax revenue.

4. Lack of authenticated journal vouchers for supporting the adjustment entries recorded in the annual statement.
5. Specific Purpose Grants - The accounting is not correct.
6. The amount deposited in various implementing agencies for deposit works is not accurate and reliable for audit.
7. The annual summary under property tax in Sanchaya software does not match with the corresponding figures in the annual financial statement.
8. Bank account details are not included in the Annual Financial Statement.
9. Fixed Deposit : Closing balance is not accurate.
10. Register of Advances is not reliable for auditing.
11. Bank statements were not made available for audit.
12. The balance sheet lacks information on the amounts paid as part bills.
13. The head of account where the income amount is included is incorrect.
14. The water charge arrear is not counted as a liability.
15. The accuracy of the amounts in the prior period income and expenditure heads has not been ascertained.
16. Professional tax - The demand and balance amounts are not accurate.
17. Finance Commission Grant-The receipt and expenditure figures are not accurate.
18. Suchithwa Mission Fund & Biodiversity Grant - The amounts have not been verified as accurate.

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ അയിരൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്